# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-കെ എസ് ഡി 8/980/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയതി: 18/12/2024
ഇ-മെയിൽ: doksd.lfad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 8/980/2024 തീയ്യതി: 18/12/2024

## കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മണിലാൽ വി | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 18-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 18-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക്, ഓഡിറ്റ് ഓഫീസർ
ജെന്നു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ധന്യ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അരവിന്ദാക്ഷൻ സി കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ഗിരീഷ് എസ് എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 29-07-2023 |
| ശ്രീ. പ്രമോദ് കുമാർ എസ് എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-07-2023 | 18-08-2023 |
| ശ്രീ. സുദേവൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-08-2023 | 17-10-2023 |
| ശ്രീ. പ്രദീപൻ ടി വി | സെക്രട്ടറി | 18-10-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗിരീഷ് എസ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 29-07-2023 |
| ശ്രീ. പ്രമോദ് കുമാർ എസ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2023 | 18-08-2023 |
| ശ്രീ. സുദേവൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 19-08-2023 | 31-03-2024 |
| ശ്രീ. ഷാനജ് പി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 15-06-2023 |
| ശ്രീമതി കാഞ്ചന രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-06-2023 | 05-07-2023 |
| ശ്രീ. ഷാനജ് പി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-07-2023 | 01-08-2023 |
| ശ്രീമതി രമ്യ ടി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-08-2023 | 31-03-2024 |
| ശ്രീ. പ്രമോദ് കുമാർ സി | കൃഷി ഓഫീസർ | 01-04-2023 | 01-09-2023 |
| ശ്രീ. ജലധരൻ വി | കൃഷി ഓഫീസർ | 02-09-2023 | 19-09-2023 |
| ശ്രീ. അരവിന്ദൻ കൊട്ടാരത്തിൽ | കൃഷി ഓഫീസർ | 20-09-2023 | 11-03-2024 |
| ശ്രീ. ജയപ്രകാശ് കെ | കൃഷി ഓഫീസർ | 12-03-2024 | 31-03-2024 |
| ശ്രീമതി അസ്റ നസ്റിൻ വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 10-07-2023 |
| ശ്രീമതി രമ തെക്കിനിയിൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 11-07-2023 | 24-07-2023 |
| ശ്രീമതി ലേഖ ടി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-07-2023 | 31-03-2024 |
| ശ്രീ. ജിജേഷ് വി ശശീന്ദ്രൻ | വി.ഇ.ഒ - പുല്ലൂർ സർക്കിൾ | 01-04-2023 | 03-11-2023 |
| ശ്രീ. പ്രവീൺ കുമാർ | വി.ഇ.ഒ - പുല്ലൂർ സർക്കിൾ | 04-11-2023 | 31-03-2024 |
| ശ്രീമതി ഉഷ പി | വി.ഇ.ഒ - പെരിയ സർക്കിൾ | 01-04-2023 | 05-09-2023 |
| ശ്രീ. പീതാംബരൻ | വി.ഇ.ഒ - പെരിയ സർക്കിൾ | 06-09-2023 | 31-03-2024 |
| ഡോ. വിക്രംകൃഷ്ണ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ധനേഷ് കെ സി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 08-11-2023 |

| | | | |
|---|---|---|---|
| ഡോ. സുനിത പി എൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 09-11-2023 | 31-03-2024 |
| ഡോ. രാജേഷ് കുമാർ കെ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 27-08-2023 |
| ഡോ. ദിവ്യ സി ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 28-08-2023 | 31-03-2024 |
| ശ്രീമതി രജിത പി വി | ക്ഷീരവികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. മനോജ് പി പി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി ടെസ്സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഡെപ്രിസിയേഷൻ | 1-1-5 |
| 7 | സ്റ്റേൽ ചെക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-7 |
| 9 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമല്ല. | 1-1-8 |
| 10 | ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 1-1-9 |
| 11 | ജനറൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | ലൈഫ് ഭവന പദ്ധതി വായ്പ- അക്കൗണ്ടിങ്ങിലെ അപാകത. | 1-1-11 |
| 13 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ബാധ്യത തുകകൾ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 20 | ക്യാഷ് ബാലൻസ് | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട് | 1-10 |
| 23 | വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച | 1-11 |
| 24 | ടേക്ക് എ ബ്രേക്ക്-അമ്പലത്തറ, കല്ലൂരാട്ട് ശുചിമുറികളുടെ നിർമ്മാണം- നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിച്ചതിൽ അപാകത | 1-12 |
| 25 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി- അപാകതകൾ | 1-13 |
| 26 | എം.സി.എഫിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ- സി.സി.ടി.വി. സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല. | 1-14 |
| 27 | യുവഗ്രാമം പ്രോജക്ട്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 27000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 28 | ഭവന പുനരുദ്ധാരണം-അപാകതകൾ | 1-16 |
| 29 | ലൈഫ് ഭവനം എസ്.ടി- മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയിൽ നിന്നും അധികമായി തുക അനുവദിച്ചു | 1-17 |
| 30 | ഐ. കെ. എം ന് പഞ്ചായത്ത് വിഹിതം- ചെലവു തുകയുടെ രസീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-18 |
| 31 | ഗ്രാമസഭ- നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-19 |
| 32 | ആശാ കെയർ പദ്ധതി-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി. | 1-20 |
| 33 | ഒരു റോഡിന്റെ രണ്ട് റീച്ചുകൾ രണ്ട് പദ്ധതികളിലൂടെ നടത്തിയത് സാമ്പത്തിക നഷ്ടത്തിന് കാരണമായി | 1-21 |

| | | |
|---|---|---|
| 34 | തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സംഭരണം- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. | 1-22 |
| 35 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തുന്നു. | 1-23 |
| 36 | കൃഷി ഓഫീസറുടെ പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല. | 1-24 |
| | **ഭാഗം 2** | |
| | -- No Records Found -- | |
| | **ഭാഗം 3** | |
| 1 | കുടിവെള്ളവിതരണം- കരാർ പ്രകാരമുള്ള അളവിൽ നടത്തിയില്ല- ഗ്രാമപഞ്ചായത്തിന് അധിക ചെലവ്. | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ബാധ്യതകൾ | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

i) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18.05.2024 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 20.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്,
18.12.2024

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ

എ) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

ബി) 2023-24 ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 55,09,870 രൂപയാണ്. എന്നാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 5,93,35,861 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചു വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്‌വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ.(പി.)എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉത്പാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1) 320100202 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs എന്ന ഹെഡിലെ ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിയിരിപ്പ് 14,05,072 രൂപയാണ്. എന്നാൽ Health Grant കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ (കാനറ ബാങ്കിലെ അക്കൗണ്ട് നം. PFMS-KL-278) 31.03.2024 ലെ നീക്കിയിരിപ്പ് 10,23,554 രൂപ മാത്രമാണ്.

2) 320100204 Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcenters Into Health And Wellness Centres ഫണ്ടിന്റെ നീക്കിയിരിപ്പ് 5,60,299 രൂപയാണ്. എന്നാൽ ഈ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ (കാനറ ബാങ്കിലെ അക്കൗണ്ട് നം. PFMS-KL-2281) 31.03.2024 ലെ നീക്കിയിരിപ്പ് 11,21,859രൂപയാണ്.

3) ഷെഡ്യൂൾ B4 പ്രകാരം 320100197-Literacy Scheme Grant എന്ന ഹെഡിലെ നീക്കിയിരിപ്പ് 1,219 രൂപയാണ്. എന്നാൽ Literacy Scheme Grant-ന്റെ ബാങ്ക് അക്കൗണ്ടിലെ (കാനറ ബാങ്ക് അക്കൗണ്ട് നം.- 1410) 31.03.2024 ലെ നീക്കിയിരിപ്പ് 2 രൂപയാണ്.

## 1-1-5 ഡെപ്രിസിയേഷൻ

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ.(പി)എസ്)നം.152/2011/തസ്വഭവ, തീയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

## 1-1-6 സ്റ്റെയ്ൽ ചെക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അക്കൗണ്ട് ഹെഡ് 350800101, Liability In Respect Of Stale Cheques പ്രകാരം 3,40,000/- രൂപ ബാലൻസ് ഉണ്ട്. Stale Cheques പ്രകാരം ബാലൻസ് നിലനിൽക്കുന്ന ചെക്കുകളുടെ വിശദാംശം (ചെക്ക് നം, തീയതി, തുക, ചെലവ് ഇനം) ലഭ്യമാക്കിയിട്ടില്ല. മൂന്ന് വർഷത്തിൽ കൂടുതൽ നിലനിൽക്കുന്ന സ്റ്റെയിൽ ചെക്ക് തുകകൾ നിയമം

അനുശാസിക്കും വിധം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-1-7 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2024 മാർച്ച് 31 ന് മാത്രമാണ്.

## 1-1-8 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമല്ല.

1) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 4,00,235 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 32,38,398 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-1-9 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി അവശേഷിക്കുന്നു.

2023-24 വാർഷിക ധനകാര്യ പത്രിക B-4 ഹെഡിൽ (320800101 -Beneficiary Contributions) 5,76,245 രൂപ നീക്കിയിരിപ്പുണ്ട്. ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭ്യമായ തുകയാണ് വിനിയോഗിക്കാതെ നീക്കിയിരിപ്പായി അവശേഷിക്കുന്നതെന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭ്യമായ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല

## 1-1-10 ജേർണൽ വൌച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.

ജേർണൽ വൌച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല. ILGMS വന്നതുമുതൽ രേഖകൾ സൂക്ഷിക്കേണ്ടതില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. ജേർണൽ വൌച്ചറുകളുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

## 1-1-11 ലൈഫ് ഭവന പദ്ധതി വായ്പ- അക്കൗണ്ടിങ്ങിലെ അപാകത.

A) **ലൈഫ് ഭവന പദ്ധതി വായ്പാ രജിസ്റ്റർ ഹാജരാക്കിയില്ല.**

ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ച വായ്പയുടെയും തിരിച്ചടവിന്റെയും വിശദവിവരം (ലഭിച്ച വായ്പ, തിരിച്ചടവ്, അവശേഷിക്കുന്ന വായ്പാ തുക ) രേഖപ്പെടുത്തുന്ന വായ്പാ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലൈഫ് മിഷനിൽ നിന്നും ഇത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

B) **ലൈഫ് ഭവന പദ്ധതി വായ്പാ വരവിൽ ബാങ്ക് പലിശ ഉൾപ്പെടുത്തിയത്.**

ലൈഫ് പദ്ധതി ബാങ്ക് അക്കൗണ്ടിലെ പലിശവരവ് തുക വായ്പ വരവിൽ തന്നെ ഉൾപ്പെടുത്തിക്കാണുന്നു. വായ്പാ തുക മാത്രമായി കണക്കാക്കുന്നതിൽ ഇത് വൈഷമ്യം സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ പലിശ തുകയ്ക്ക് പ്രത്യേക പ്രൊവിഷൻ നല്കി ബാധ്യതയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-12 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ബാധ്യത തുകകൾ

ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂൾ & ബി 4 ഷെഡ്യൂൾ എന്നിവ പ്രകാരം ബാധ്യതയായി വർഷങ്ങളായി തുടരുന്ന തുകകളുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കും മറ്റു സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകൾ ഒടുക്കുവാനും, വിനിയോഗിക്കുവാൻ സാധിക്കുന്ന തുകകൾ അതത് ആവശ്യത്തിന് വിനിയോഗിക്കുവാനും, ആയതിന് സാധിക്കുന്നില്ലെങ്കിൽ തിരികെ ഒടുക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1, തീയ്യതി 25.03.2023 | 1/1, തീയ്യതി 13.02.2024 |
| മുന്നിരിപ്പ് | 27,66,784 | 4,73,49,799 |
| വരവ് | 34,08,73,000 | 35,18,92,820 |
| ആകെ | 34,36,39,784 | 39,92,42,619 |
| ചെലവ് | 34,03,04,000 | 36,45,61,893 |
| നീക്കിയിരിപ്പ് | 33,35,784 | 3,46,80,726 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2023-24 |
| മുന്നിരിപ്പ് | 6,17,47,891 |
| വരവ് | 7,67,24,781 |
| ആകെ | 13,84,72,672 |
| ചെലവ് | 6,83,89,217 |
| നീക്കിയിരിപ്പ് | 7,00,83,455 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തന്‌വർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22840290 | 22840290 | 15704169 | 7136121 |
| വികസനഫണ്ട് എസ്.സി.പി | 0 | 1194000 | 1194000 | 926197 | 267803 |
| വികസനഫണ്ട് ടി.എസ്.പി | 0 | 5836000 | 5836000 | 4161683 | 1674317 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25960650 | 25960650 | 4932565 | 21028085 |
| MG നോൺറോഡ് | 0 | 5494600 | 5494600 | 4090635 | 1403965 |
| CFC ബേസിക് ഗ്രാന്റ് | 2161198 | 4127520 | 6288718 | 4025442 | 2263276 |
| CFC ഗ്രാന്റ്(Tied)- | 7073771 | 2868700 | 9942471 | 2466887 | 7475584 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 3993556 | 3993556 | 3993556 | 0 |
| ജില്ലാ പഞ്ചായത്ത് | 952644 | 2493946 | 3446590 | 2493946 | 952644 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത്-ബഡ്സ് സ്കൂൾ | 0 | 1,20,000 | 1,20,000 | 0 | 1,20,000 |
| കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ | | | | | |
| വിവാഹ ധനസഹായം | 0 | 150000 | 150000 | 150000 | 0 |
| ICDS കേന്ദ്ര വിഹിതം | 432463 | 2260459 | 2692922 | 1231629 | 1461293 |
| ടോട്ടൽ സാനിറ്റേഷൻ | 170958 | 0 | 170958 | 2947 | 168011 |
| കോർപ്പസ് ഫണ്ട് | 0 | 1021972 | 1021972 | 1021972 | 0 |
| NPRPD | 695349 | 30396 | 725745 | 0 | 725745 |
| വെഞ്ച്വർ ലിഫ്റ്റ് | 495054 | 0 | 495054 | 0 | 495054 |
| ശുചിത്വ മിഷൻ | 4261751 | 0 | 4261753 | 1749925 | 3146828 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 1754500 | 1754500 | 1754500 | 0 |
| NAM ഫണ്ട്-ആയുർവ്വേദം | 0 | 900000 | 900000 | 50000 | 850000 |
| ജലനിധി | 5009 | 481 | 5490 | 0 | 5490 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 1217 | 26834 | 28051 | 26834 | 1217 |
| വിമുക്തി | 17,606 | 0 | 17,606 | 0 | 17,606 |
| ബയോഡൈവേഴ്സിറ്റി | 504063 | 29495 | 533558 | 0 | 533558 |
| ബഡ്സ് സ്കൂൾ വാഹനം | 0 | 1500000 | 1500000 | 0 | 1500000 |
| നിർമ്മൽ പുരസ്കാരം | 500000 | 0 | 500000 | 0 | 500000 |
| ഹെൽത്ത്ഗ്രാന്റ് - 320100202 | 389537 | 1015535 | 1405072 | 381518 | 1023554 |
| ഹെൽത്ത്ഗ്രാന്റ് - 320100204 | 1014375 | 445924 | 1460299 | 338440 | 1121859 |

കുറിപ്പ്:

1)വികസനഫണ്ട്-(ജനറൽ) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 3699059/- രൂപയും, എസ്.സി.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത 390591/- രൂപയും ടി.എസ്.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത 963249/- രൂപയും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) കേരള ഗ്രാമീൺ ബാങ്ക് സി.എഫ്.സി അക്കൗണ്ടിലേക്ക് (40442101031425) 2021-22 വർഷത്തിൽ ജില്ലാ പഞ്ചായത്ത് ഷെയറായി 100000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ബി-4 ഷെഡ്യൂളിൽ ജോയിന്റ് വെഞ്ചർ (ജില്ലാപഞ്ചായത്ത്) തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി-17 പ്രകാരമുള്ള അക്കൗണ്ട് ബാലൻസിൽ (കേരള ഗ്രാമീൺ ബാങ്ക്- പി.എഫ്.എം.എസ്) മേൽ വിവരിച്ച 100000/- രൂപയും, CFC ബേസിക് ഗ്രാന്റ്, CFC-ടൈഡ് ഗ്രാന്റും, ഉൾപ്പെടെയുള്ള തുകയാണ് ബാലൻസായുള്ളത്.

## 1.5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 24,11,29,427 | 143 | 7,47,06,693 | - | 152 | 48.47 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 38 | 32547287 | 25 | 9916813 | 30.47 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 4510210 | 5 | 2044712 | 45.34 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 170 | 89700499 | 63 | 19344788 | 21.57 |
| 4 | കൃഷി ഓഫീസർ | 4 | 5883735 | 3 | 4004392 | 68.06 |
| 5 | വെറ്റിനറി സർജൻ | 5 | 4648310 | 2 | 2531790 | 54.47 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 78695142 | 20 | 23932479 | 30.41 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | 11 | 13994946 | 6 | 5454429 | 38.97 |
| 8 | പ്രധാനധ്യാപകൻ | 12 | 3987795 | 8 | 2192602 | 54.98 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1472000 | 2 | 1450000 | 98.51 |
| 10 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 10 | 3804467 | 6 | 1949648 | 51.25 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 485040 | 2 | 485040 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1400000 | 1 | 1400000 | 100 |
| | ആകെ | 295 | 241129422 | 143 | 74706693 | 30.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1263584 | 1263584 | 1263584 | 0 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 81607657 | 81607657 | 81607657 | 0 |
| ആകെ | 0 | 82871241 | 82871241 | 82871241 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 4937 പദ്ധതികളുൾപ്പെടുന്ന 51,11,90,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 496 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 203197 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1533 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3343000 | 316 |
| വിധവാപെൻഷൻ | 38215800 | 449 |
| വാർദ്ധക്യകാലപെൻഷൻ | 25093800 | 2522 |
| വികലാംഗപെൻഷൻ | 2742300 | 469 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1882400 | 88 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2024 തീയതിയിൽ 2.35 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 15,290/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1) പഞ്ചായത്ത് കമ്മിറ്റിയുടെ പ്രവർത്തനം**

പഞ്ചായത്ത് ഭരണ സമിതി 2023-24 സാമ്പത്തിക വർഷം 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്ട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി 13 തവണയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 17 തവണയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14 തവണയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണയും യോഗം ചേർന്നിട്ടുണ്ട്.

**2)ഓഫീസ് മീറ്റിംഗ്**

ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിൻറെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിൻറെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുണ്ട്. ഓഡിറ്റ് വർഷം 13 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്.

3) പഞ്ചായത്തിൻറെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

4) സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

5) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

6) 1998-99 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്/എ.471/സി.എ.ആർ.3/2024 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം, പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് തയാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

15.07.2017 ലെ സ.ഉ(സാധാ) നം.2426/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും, 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**I.ഹരിതകർമ്മസേന.**

**1).അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| വാർഡുകളുടെ എണ്ണം | 17 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 29642 |
| പഞ്ചായത്തിലെ ആൾ താമസമുള്ള ആകെ വീടുകൾ (Residential & Non Residential -സഞ്ചയ പ്രകാരം) | 25973 |
| എം സി എഫ് | 1 |
| മിനി എം സി എഫ് -കളുടെ എണ്ണം | 17 |
| ബോട്ടിൽ ബൂത്തുകളുടെ എണ്ണം | 42 |

17 വാർഡുകളിലായി നിലവിൽ 34 അംഗങ്ങളാണ് ഹരിതകർമ്മസേനയിലുള്ളത്. മാലിന്യമുക്ത നവകേരള പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വഴി സാധിക്കുന്നുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ചതിലൂടെയും ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതിലൂടെയും ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും യൂസർ ഫീ ആയി മാലിന്യം ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്.

**2).മാലിന്യശേഖരണ കാര്യക്ഷമത**

4ാം വാർഡിൽ മൊയോലം എന്ന സ്ഥലത്താണ് MCF പ്രവർത്തിക്കുന്നത്. ഇത് കൂടാതെ 17 മിനി MCF കളും സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്ത പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചുവരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം ചില വാർഡുകളിൽ വാട്ട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു. എല്ലാ ഗ്രാമസഭകളിലും അജൈവ പാഴ്വസ്തു പരിപാലനം അജണ്ടയായി ഉൾക്കൊള്ളിച്ച് കൊണ്ട് പൊതുജനങ്ങളുടെ പിന്തുണ ആർജ്ജിക്കുന്നു. വീടുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ വണ്ടി വാടകയ്ക്കെടുത്ത് എം.സി.എഫിൽ എത്തിക്കുന്നു. മാലിന്യങ്ങളുടെ കൈകാര്യത്തിനായി പഞ്ചായത്ത് വാങ്ങിനൽകിയ ഒരു ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷ (പിയാജിയോ) 2023ൽ ഒരു അപകടമുണ്ടായതിന് ശേഷം പ്രവർത്തനക്ഷമമാകാത്തതിനാൽ ഉപയോഗിക്കുന്നില്ലായെന്നും അത് പഞ്ചായത്ത് പ്രവർത്തിച്ചു വരുന്ന താൽക്കാലിക കെട്ടിടത്തിന്റെ വളപ്പിൽ സൂക്ഷിക്കുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി.

## II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

### 1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1) MCF/RRF സ്ഥിരം/താത്കാലികം | MCF-സ്ഥിരം |
| 2) ബെയ്‌ലിങ് /ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ<br>ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | MCF ൽ ബെയിലിങ് യൂണിറ്റ് ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു കൺവെയർ ബെൽറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും ഇതിനോടൊപ്പം സ്ഥാപിക്കേണ്ടിയിരുന്ന ഇരിപ്പിട സംവിധാനം കരാറുകാരൻ (പ്രകൃതി ആലുവ) ഇതുവരെയും തയ്യാറാക്കി നൽകിയിട്ടില്ല. |
| 3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | പഞ്ചായത്ത് തലത്തിൽ MCF ഒന്ന് മാത്രം |
| 4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഉണ്ട് |
| 5) അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | 1000 Sq Ft സ്ഥല സൗകര്യമുണ്ട്. നിലവിൽ ടോയ്‌ലെറ്റ്, ഡ്രസ്സിങ് റൂം, ഹാൾ എന്നിവയാണുള്ളത്. പുതിയ പദ്ധതിയിൽ വർക് ഷെഡ്ഡിന് കൂടുതൽ സൗകര്യം ഒരുക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |
| 6) അവയിലേയ്ക്ക് റോഡ് ഗതാഗത സൌകര്യം ഉണ്ടോ | ഉണ്ട്. |
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ | ഇല്ല. |

### 2) മാലിന്യ ശേഖരണം

മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് മുൻകൂറായി തയ്യാറാക്കിയിട്ടുള്ള കലണ്ടർ പ്രകാരം വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. ഏകദേശം 60% മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മിനി എം സി എഫ് ലേക്കും അവിടെ നിന്നും എം സി എഫ് ലേക്കുമെത്തിക്കുന്നു. പരമാവധി രണ്ടാഴ്ചക്കുള്ളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. തരം തിരിച്ച മാലിന്യം വിപണനം ചെയ്ത വകയിൽ 1,57,496/- രൂപ ഹരിതകർമ്മസേനക്ക് ലഭിച്ചിട്ടുണ്ട്.

### 3) മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്‌വസ്തുക്കൾ MCF ലേക്ക് സമയബന്ധിതമായും കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ നിന്നും ആഴ്ചയിൽ ഒരു തവണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു.

### 4) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഹരിതമിത്രം ആപ്ലിക്കേഷനിലൂടെ വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടേതുമായി 11538 കെട്ടിടങ്ങളുടെ ഫീസ് വിവരങ്ങൾ നിലവിൽ ലഭ്യമാണ്. നിലവിൽ ഫീസ് പിരിക്കുന്ന എല്ലാ കെട്ടിടങ്ങളിലും QR കോഡ് പതിച്ചിട്ടുണ്ടെന്നാണ് വി ഇ ഒ അറിയിച്ചിട്ടുള്ളത്.

### 5) മാലിന്യ സംഭരണ ശേഷി

| | |
|---|---|
| ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് | ജൈവം - ഇല്ല<br>അജൈവം - 400 KG |

| | |
|---|---|
| MCFന്റെ ആകെ വിസ്തൃതി | 1000 Sq Ft |

6) **മറ്റ് സംരംഭങ്ങൾ**

വരുമാന വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് പഞ്ചായത്തിൽ നിന്നുള്ള പദ്ധതി പ്രകാരം (വി ഇ ഒ യുടെ നിർവഹണത്തിൽ) ഒരു തുണി സഞ്ചി നിർമ്മാണ യൂണിറ്റ് പെരിയയിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ യൂണിറ്റിന്റെ പ്രവർത്തനം ലാഭകരമായ നിലയിൽ എത്തിയിട്ടില്ല.

7) **പരാതികൾ /തുടർ നടപടികൾ**

ഹരിതകർമ്മസേന പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവും അംഗീകൃത ബൈ-ലോയും അനുസരിച്ച്, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം തടയൽ / പൊതു നിരത്തുകളിൽ മാലിന്യം തള്ളുന്നത് തടയൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതി പ്രകാരം അന്വേഷണം നടത്തി നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിച്ചതായും , 2023 ജൂലൈ മുതൽ നാളിതുവരെ 1,65,500/- രൂപ പിഴ ഈടാക്കിയതായും അറിയിച്ചിട്ടുണ്ട്.

7) **വരവ് -ചെലവ് കണക്ക് 2023-24**

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| യൂസർ ഫീ | 3567183 | ഹരിതകർമ്മസേന വേതനം | 3235980 |
| പഞ്ചായത്ത് ധനസഹായം | 89548 | ഡ്രൈവറുടെ വേതനം | 240200 |
| ക്ലീൻ കേരള കമ്പനി | 26001 | ഗ്രീൻവേംസ്-ലെഗസി വേസ്റ്റ് | 100000 |
| ബാങ്ക് പലിശ | 13238.52 | യൂണിഫോം,സ്റ്റേഷനറി,മറ്റുള്ളവ | 142508 |
| മുന്നിരിപ്പ് | 374281.74 | നീക്കിയിരിപ്പ് | 351564.26 |
| ആകെ | 4070252.26 | ആകെ | 4070252.26 |

ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ട് : A/C No:4704201000667 @ കാനറ ബാങ്ക്, പെരിയ ശാഖ

**മറ്റു വിവരങ്ങൾ**

2021-22, 2022-23, 2023-24 വർഷങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് താഴെ കാണിച്ച പദ്ധതികൾ പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

**2021-22 വർഷം**

| പദ്ധതി നം, പേര് | | നിർവഹണം | ചെലവ് |
|---|---|---|---|
| 167 | സീറോ പ്ലാസ്റ്റിക് പുല്ലൂർ പെരിയ (മിനി എംസിഎഫ് സ്ഥാപിക്കൽ) | VEO/LVEO | 746124 |
| 169 | ഗ്രാമമ-ഓപ്പോട്ടിൽ ബൂത്ത് | VEO/LVEO | 157768 |
| 171 | ഹരിതകർമ്മസേന തുണി സഞ്ചി സംരംഭം | VEO/LVEO | 150000 |
| 172 | ഹരിതകർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം സുരക്ഷ അവശ്യസാധനങ്ങൾ വാങ്ങലും | VEO/LVEO | 218000 |
| 173 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO/LVEO | 300000 |
| 174 | ലൈഫ് വീടുകൾക്ക് ബയോബിൻ കമ്പോസ്റ്റ് | VEO/LVEO | 100000 |
| 188 | കുണിയ സ്കൂൾ ഇരുളംകോടി റോഡ് ഡ്രൈനേജ് | AE(LSGD) | 158715 |
| 209 | പൊതു ടോയ്ലറ്റ് നിർമ്മാണം | AE(LSGD) | 985753 |
| 213 | ആയംപാറ സ്കൂളിൽ ടോയ്ലറ്റ് നവീകരണവും അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും | AE(LSGD) | 21917 |

| | | | |
|---|---|---|---|
| 228 | എംസിഎഫിൽ നിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ | VEO/LVEO | 232000 |
| 230 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ | VEO/LVEO | 73211 |
| 240 | വ്യക്തി ഗത കക്കൂസ് നിർമ്മാണം | VEO/LVEO | 1025735 |
| 241 | ശുചിത്വ ബോധവൽക്കരണം | VEO/LVEO | 64673 |
| 266 | ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനങ്ങൾ | VEO/LVEO | 142900 |

**2022-23 വർഷം**

| പദ്ധതി നം, പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 43 | വ്യക്തി ഗത കക്കൂസ് നിർമ്മാണം | VEO/LVEO | 132000 |
| 58 | പൊതു ടോയ് ലറ്റ് നിർമ്മാണം | AE(LSGD) | 655396 |
| 175 | വ്യക്തിഗത കക്കൂസ് നിർമ്മാണം | VEO/LVEO | 384999 |
| 232 | ടേക്ക് എ ബ്രേക്ക് - പൊതുശൗചാലയത്തിന് അനുബന്ധ സൗകര്യങ്ങൾ | AE(LSGD) | 93073 |
| 1 | ഗ്രാമതല-ബോട്ടിൽ ബൂത്ത് | VEO/LVEO | 800000 |
| 18 | ശുചിത്വഗ്രാമം ബയോബിൻ കമ്പോസ്റ്റ് | VEO/LVEO | 368000 |
| 36 | ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ | SEC (GP) | 398500 |
| 45 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO/LVEO | 807500 |
| 46 | ലൈഫ് വീടുകൾക്ക് ബയോബിൻ കമ്പോസ്റ്റ് | VEO/LVEO | 11600 |
| 47 | ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനങ്ങൾ | VEO/LVEO | 54338 |
| 166 | ഹരിതകർമ്മസേന പ്രവർത്തകർക്ക് ട്രോളി | VEO/LVEO | 182041 |
| 167 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ-വിജിഎഫ് ഉൾപ്പെടെ | VEO/LVEO | 964110 |
| 168 | എംസിഎഫില് നിന്നും മാലിന്യം നീക്കംചെയ്യല് | VEO/LVEO | 500000 |
| 275 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO/LVEO | 331200 |

**2023-24 വർഷം**

| പദ്ധതി നം, പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 7 | വ്യക്തിഗത കക്കൂസ് നിർമ്മാണം | VEO/LVEO | 346400 |
| 152 | ശുചിത്വ ബോധവൽക്കരണം ചുമർ ചിത്രങ്ങൾ | VEO/LVEO | 40000 |
| 200 | ശുചിത്വ ബോധവല്ക്കരണ പദ്ധതി | VEO/LVEO | 90000 |
| 205 | ടേക്ക് എ ബ്രേക്ക് - പൊതുശൗചാലയത്തിന് അനുബന്ധ സൗകര്യങ്ങൾ | AE(LSGD) | 190538 |
| 284 | ടേക്ക് എ ബ്രേക്ക് - അമ്പലത്തറ-കല്ല്യോട്ട് ശുചിമുറികളുടെ നിർമ്മാണം | SEC (GP) | 828192 |
| 328 | പൂർത്തീകരിച്ച ലൈഫ് പിഎംഎവൈ ഗുണഭോക്താക്കൾക്ക് വ്യക്തിഗത കക്കൂസ് നിർമ്മാണം | VEO/LVEO | 240000 |
| 6 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ | VEO/LVEO | 63547 |
| 12 | റിംഗ് കമ്പോസ്റ്റ് യൂണിറ്റ് | VEO/LVEO | 1476000 |
| 39 | എംസിഎഫിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ | SEC (GP) | 1114500 |
| 43 | എംസി എഫിലേക്ക് ഫയർ എക്സ്റ്റിംഗ്വിഷർ | SEC (GP) | 3700 |
| 202 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO/LVEO | 1555945 |

| | | | |
|---|---|---|---|
| 303 | ശുചിത്വമാലിന്യത്തോണിന് കമ്പോസ്റ്റ് | VEO/LVEO | 41600 |
| 321 | എം സി എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ | SEC (GP) | 753680 |
| 353 | എം സി എഫിലേക്ക് വാർഡിൽ നിന്നും മാലിന്യം കൊണ്ടു വന്ന വകയിലുള്ള വണ്ടി വാടക | VEO/LVEO | 249210 |
| 186 | ദ്രവ മാലിന്യ സംസ്കരണ യൂണിറ്റ് | AE(LSGD) | 293781 |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്റർ പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) എം സി എഫിൽ ഫയർ ആന്റ് റസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3) എം.സി.എഫ് ൽ നിന്നും മാലിന്യങ്ങൾ കഴിയുന്നത്ര തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനും, അവിടേക്ക് എത്തുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നും പരമാവധി തരംതിരിച്ച് ലഭിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

4) ഹരിതകർമ്മസേനാംഗങ്ങൾക്കിടയിൽ വേതനം ഏറെക്കുറെ തുല്യമായ അനുപാതത്തിൽ വിതരണം ചെയ്യപ്പെടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും പ്രവൃത്തികൾ ക്രമീകരിക്കേണ്ടതുമാണ്.

5) ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6) തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിനും, വാഹനം പ്രവർത്തനക്ഷമമാക്കി അംഗങ്ങൾ ഡ്രൈവ് ചെയ്ത് ഉപയോഗിക്കുന്ന വിധത്തിലേക്കും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾക്ക് മാന്യമായ പ്രതിഫലം ലഭിക്കാനുതകുന്ന രീതിയിൽ, പ്രവർത്തന മേഖലകളെ വിപുലീകരിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കാവുന്നതാണ്.

7) ഈ സംവിധാനത്തെ ഒരു ഉപജീവനമാർഗ്ഗമെന്ന നിലയിൽ വളർത്തിയെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

8) ഓരോ മാസവും കൂടുന്ന റിവ്യൂ മീറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതും ഇതിനെ ഒരു മികച്ച സംരംഭമാക്കി വളർത്തുന്നതിനുമുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുമാണ്.

**I-11 വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച**

കേരള സർക്കാരിന്റെ 05.04.2023 ലെ സ.ഉ.(അച്ചടി) നമ്പർ 25/2023/എൽ.എസ്.ജി.ഡി ഉത്തരവ് (SRO 479/2023) പ്രകാരം 01.04.2023 മുതൽ നിലവിലുള്ള വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു 12.07.2023 തീയതിയിലെ 5.1 നം. തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 01.04.2023 മുതൽ അന്തിമ വിജ്ഞാപനം ചെയ്യുന്നതുവരെയുള്ള കാലയളവിൽ ലഭ്യമായ കെട്ടിട നമ്പറിനുള്ള അപേക്ഷകളിൽ പഴയ നിരക്കിലാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ

വിവരങ്ങൾ പ്രകാരം താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| ബിൽഡിംഗ് ഐ.ഡി | വാർഡ് നം. | കെട്ടിട നം. | |
|---|---|---|---|
| 51204010017088 | 6 | 159 | B |
| 51204010017093 | 2 | 362 | H |
| 51204010017099 | 6 | 329 | A |
| 51204010017100 | 6 | 500 | C |
| 51204010017109 | 13 | 197 | A |
| 51204010017111 | 1 | 271 | D |
| 51204010017116 | 4 | 292 | C |

| | | | |
|---|---|---|---|
| 51204010017118 | 13 | 237 | A |
| 51204010017119 | 6 | 330 | Q |
| 51204010017123 | 6 | 52 | L |
| 51204010017127 | 7 | 239 | C |
| 51204010017129 | 7 | 239 | D |
| 51204010017131 | 7 | 239 | E |
| 51204010017132 | 7 | 239 | F |
| 51204010017139 | 16 | 652 | A1 |
| 51204010017140 | 16 | 652 | A2 |

| | | | |
|---|---|---|---|
| 512040100017142 | 16 | 65 | A3 |
| 512040100017143 | 16 | 652 | A4 |
| 512040100017145 | 6 | 156 | A |
| 512040100017154 | 6 | 223 | I |
| 512040100017155 | 2 | 159 | H |
| 512040100017172 | 6 | 206 | A |
| 512040100017173 | 1 | 170 | B |
| 512040100017180 | 1 | 159 | A |

| | | | |
|---|---|---|---|
| 51204010017183 | 13 | 124 | A |
| 51204010017187 | 15 | 10 | A |
| 51204010017188 | 15 | 10 | B |
| 51204010017189 | 15 | 10 | C |
| 51204010017190 | 15 | 10 | D |

നാളിതുവരെയായിട്ടും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കാത്തത് വീഴ്ചയാണ്. എത്രയും പെട്ടെന്നു തന്നെ മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് കുടിശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 03/11.11.2024.

## 1.12 ടേക്ക് എ ബ്രേക്ക്-അമ്പലത്തറ, കല്ല്യോട്ട് ശുചിമുറികളുടെ നിർമാണം-നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിച്ചതിൽ അപാകത

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 284/2024 (ടേക്ക് എ ബ്രേക്ക്-അമ്പലത്തറ, കല്ല്യോട്ട് ശുചി മുറികളുടെ നിർമാണം) |
| അടങ്കൽ | 12,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 8,28,192/- രൂപ |
| ബിൽ നം/ തീയ്യതി | XVFC/2023-24/P/1 തീയ്യതി 17.08.2023, തുക 5,00,000/- XVFC/2023-24/P/48 തീയ്യതി 27.12.2024, തുക 3,28,192/- |

ടേക്ക് എ ബ്രേക്ക്-അമ്പലത്തറ കല്ല്യോട്ട് ശുചി മുറികളുടെ നിർമാണം പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് 8,28,192/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രം മുഖേനയാണ് നടപ്പാക്കിയത്. ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് നിർമ്മിതി കേന്ദ്രത്തിനെ പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ചത്. അമ്പലത്തറ, കല്ല്യോട്ട് എന്നിവിടങ്ങളിൽ ശുചിമുറി സ്ഥാപിക്കുന്നതിനായി നിർമ്മിതി കേന്ദ്രം ചുവടെ ചേർക്കും പ്രകാരം ആകെ 25 ലക്ഷം രൂപ (യഥാക്രമം 15,00,000/- രൂപ, 10,00,000/- രൂപ) അടങ്കൽ വരുന്ന എസ്റ്റിമേറ്റ് DSR 2018 (Cost Index 33.05%) അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

| | |
|---|---|
| 1. Construction Of Toilet Block Under Take A Break Toilet At Ambalathara (EST No 2023/5440) | 1167600 |
| (+) Centage Charge @ 8% | 93408 |
| Sub Total | 1261008 |
| (+) GST @ 18% | 226981 |
| (+) KCWWF @ 1% | 11676 |
| (+) Unforeseen If Any | 335 |
| Grand Total | 1500000 |

| | |
|---|---|
| 2. Construction Of Toilet Block Under Take A Break Toilet At Kalliot (EST No 2023/5138) | 778000 |
| (+) Centage Charge @ 8% | 62240 |
| Sub Total | 840240 |
| (+) GST @ 18% | 151243 |
| (+) KCWWF @ 1% | 7780 |
| (+) Unforeseen If Any | 737 |
| Grand Total | 1000000 |

നോഡൽ പി.എം.സി-യായി നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയ ഈ പ്രവൃത്തിയ്ക്കായി ആകെ അടങ്കൽ തുകയായ 25 ലക്ഷം രൂപയിൽ മുൻകൂറായി 5,00,000/- രൂപയും ഫസ്റ്റ് & പാർട്ട് ബിൽ ആയി 3,28,192 രൂപയും ഉൾപ്പെടെ ആകെ 8,28,192/- രൂപ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബില്ലിന്റെ വിവരം | ഫണ്ട് | നൽകിയ തുക |
|---|---|---|
| XVFC/2023-24/P/1 തീയ്യതി 17.08.2023, തുക 5,00,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,00,000 |
| XVFC/2023-24/P/46 തീയ്യതി 27.12.2024, തുക 3,28,192/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,28,192 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്തിന് സ്വന്തമായി എഞ്ചിനീയറിങ് വിഭാഗം ഉണ്ടായിരിക്കെ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചു- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നം.67/2021/ഫിൻ തീയതി: 28.04.2021 പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 5.1, 5.2 എന്നിവ പ്രകാരം സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾ സാധാരണഗതിയിൽ പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്താൻ പാടില്ല. ശുചിമുറികളുടെ നിർമാണ പ്രവൃത്തി എഞ്ചിനീയറിങ് വിഭാഗം സാധാരണഗതിയിൽ ചെയ്യുന്നതാണ്. കോസ്റ്റ് എഫക്ടീവ് ആയിട്ടുള്ള നിർമ്മാണ പ്രവൃത്തികളാണ് സാധാരണഗതിയിൽ നിർമ്മിതി കേന്ദ്രം നടത്തുന്നത്. ആയതിനാൽ മേൽ പ്രവൃത്തി അക്രഡിറ്റ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തി PMC/Centage Charge

ഇനത്തിൽ അധിക ബാധ്യത വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഭാവിയിൽ പ്രയോജനപ്പെടുത്താൻ പാടില്ല.

2). <u>PMC Centage Charge ഇനത്തിൽ അധികം തുക എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നു.</u>

പ്രവൃത്തിക്കായി നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വിവിധയിനം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യം 19,45,600/- രൂപയാണ് (1167600+778000). ഈ തുകയുടെ 8% ആയ 1,55,648/-രൂപ (93,408+62,240) നിർമ്മിതി കേന്ദ്രത്തിന് PMC Centage Charge ഇനത്തിൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. അക്രഡിറ്റ് ഏജൻസിയായ നിർമ്മിതി കേന്ദ്രം നേരിട്ടാണ് ഈ പ്രവൃത്തി നടത്തുന്നത്. 28.04.2021-ലെ ജി.ഒ.(പി) നം 67/2021/എൽഎസ്ജിഡി ഉത്തരവിലെ ഖണ്ഡിക 7.2 പ്രകാരം അക്രഡിറ്റ് ഏജൻസികൾ നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ PMC/Centage Charge 0.5% കുറവ് വരുത്തേണ്ടതാണ്. *(Para No. 7.2 "However, In The Case Of Works Being Executed Directly By The Accredited Agencies Without Any Bidding Process, A Recoveries @0.50% Of The Estimated Value Or Value Of Work Done Whichever Is Lower, Shall Be Effected From The Project Management Consultancy (PMC) Charges For Avoiding The Bidding Process".)* ആയതിനാൽ ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തുകയുടെ 7.5% ആണ് PMC/Centage Charge ഇനത്തിൽ അനുവദിക്കേണ്ടത്.

3). <u>പിഎംസി/സെന്റേജ് ചാർജിന് 18% ജി.എസ്.ടി വിഹിതമായി അധികം തുക എസ്റ്റിമേറ്റിൽ നൽകി</u>

പ്രവൃത്തിക്കായി നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വിവിധയിനം നിർമ്മാണ പ്രവൃത്തികളുടെ മൂല്യം 19,45,600/- രൂപയാണ്. ആയതിന്റെ കൂടെ PMC/Centage Charge ആയി 1,55,648/- രൂപ കൂടി ചേർത്ത തുകയായ 21,01,248/- രൂപയുടെ 18% ജി.എസ്.ടി വിഹിതമായി 3,78,224/- രൂപയാണ് എസ്റ്റിമേറ്റ് പ്രകാരം നിർമ്മിതി കേന്ദ്രം ഡിമാന്റ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള 18% ജി.എസ്.ടി വിഹിതമായ 3,78,224/- രൂപ എന്നത് 19,45,600/-രൂപയുടെ 18% ആയ 3,50,208/-രൂപ + സെന്റേജ് ചാർജായ 1,55,648/- രൂപയുടെ 18% ആയ 28,016/- രൂപയും ചേർന്നാണ്. അതായത് നിർമ്മിതി കേന്ദ്രം പിഎംസി/സെന്റേജ് ചാർജിന് കൂടി 18% ജി.എസ്.ടി നൽകുവാൻ ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പിഎംസി സെന്റേജ് ചാർജായി നൽകുന്ന തുക ഒരു 'Pure Service'-നുള്ള പ്രതിഫലമാണ്. (Advanced Ruling No.KER/46/2019 Dt 12.04.2019 കാണുക).

28.06.2017 -ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ നം 12/2017-ലെ ക്രമ നം 3 പ്രകാരം ഭരണഘടനയിലെ ആർട്ടിക്കിൾ 243 ജി അനുസരിച്ച് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളെ ജി.എസ്.ടി യുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (Sl No.3 Of Notification No.12/2017-Central Tax (Rate)- Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Governmental Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution). കൂടാതെ 13.10.2017 -ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ നം 31/2017 പ്രകാരം, ജി.എസ്.ടി നോട്ടിഫിക്കേഷൻ നം 12/2017-ലെ ക്രമ നം 3 ൽ Government Entity എന്ന വാക്കുകൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. (Notification No.31/2017-Central Tax (Rate)- "In Item (Ii), In Column (3), For The Words "Government, A Local Authority Or A Governmental Authority", The Words "Central Government, State Government, Union Territory, A Local Authority, A Governmental Authority Or A Government Entity" Shall Be Substituted).

ടേക്ക് എ ബ്രേക്ക് അമ്പലത്തറ, കല്ലൂറ്റ് ശുചി മുറികളുടെ നിർമാണ പ്രവൃത്തി ഏൽപ്പിച്ചിരിക്കുന്ന നിർമ്മിതി കേന്ദ്രം ഒരു ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയാണ്. ആയതിനാൽ നിർമ്മിതി കേന്ദ്രം ഒരു Government Entity-യാണ്. ഭരണഘടനയിലെ ആർട്ടിക്കിൾ 243 ജി അനുസരിച്ച് സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. കൂടാതെ ഭരണഘടനയിലെ 11-ആം പട്ടികയിലുൾപ്പെട്ട വിഷയവുമാണ് വനിതാ-ശിശുവികസനം എന്നത്. ആയതിനാൽ, 28.06.2017-ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ നം 12/2017 പ്രകാരം നിർമ്മിതി കേന്ദ്രത്തിന് അനുവദിക്കുന്ന പിഎംസി/സെന്റേജ് ചാർജിന് ജി.എസ്.ടി നൽകേണ്ടതില്ല. എന്നാൽ പ്രവൃത്തിയ്ക്കായി

നിർമ്മിതി കേന്ദ്രത്തിന് നൽകിയ എസ്റ്റിമേറ്റിൽ പിഎംസി/സെന്റേജ് ചാർജിന്റെ 18% ജിഎസ്ടി വിഹിതം കൂടി ഉൾപ്പെട്ടിട്ടുണ്ട്.

4). ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിനായി നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 25 ലക്ഷം രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി 19456/- രൂപ നൽകുവാൻ ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്കായി PRICE സോഫ്റ്റ്‌വെയറിൽ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുന്നതിനാൽ നികുതി ബാധ്യതകൾക്കായി ഗ്രാമ പഞ്ചായത്ത് പ്രത്യേകം തുക നൽകേണ്ടതില്ല. മേൽ പറഞ്ഞ പ്രകാരം നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അധികം ഡിമാന്റ് ചെയ്ത തുക ഒഴിവാക്കിയാൽ പദ്ധതിയുടെ യഥാർത്ഥ എസ്റ്റിമേറ്റ് വിവരം ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

| | |
|---|---|
| Construction Of Toilet Block Under Take A Breake Toilet At Ambalathara (EST No 2023/5440) | 1167600 |
| Construction Of Toilet Block Under Take A Breake Toilet At Kalliot (EST No 2023/5138) | 778000 |
| Total | 1945600 |
| (+) Centage Charge @ 7.5% On 1945600 | 145920 |
| (+) GST @ 18% On 1945600 | 350208 |
| Grand Total | 2441728 |

ക്രമ നം. 2, 3, 4 എന്നിവ പ്രകാരം പരാമർശിച്ച അപാകതൾ മൂലം നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തെറ്റായി ചേർത്ത തുകകൾ ഒഴിവാക്കിയാൽ പദ്ധതിയുടെ യഥാർത്ഥ അടങ്കൽ 24,41,728/- രൂപയാണ്. എന്നാൽ ഇവിടെ 25,00,000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് (58272/-രൂപ അധികം). ഫൈനൽ ബിൽ അനുവദിക്കുമ്പോൾ മേൽ തുക കുറവ് വരുത്തേണ്ടതാണ്.

5) <u>പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനത്തിലെ അപാകത</u>

ടേക്ക് എ ബ്രേക്ക് കല്ല്യാട്ട് ശുചിമുറിയുടെ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ (EST No 2023/5138) ഐറ്റം നം. 28 ആയി ഉൾപ്പെട്ടിട്ടുള്ളത് 13.4.1 12mm Cement Plaster Of Mix 1:4 (1 Cement : 4 Coarse Sand) എന്ന ഇനമാണ്. ഭിത്തി, പാരപ്പെറ്റ് എന്നിവിടങ്ങളിൽ 77.551 M2പ്ലാസ്റ്റർ ചെയ്യുന്നതിന് 298.12 നിരക്കിൽ 23119.50 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ടേക്ക് എ ബ്രേക്ക്-അമ്പലത്തറ ശുചിമുറിയുടെ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ (EST No 2023/5440) ഐറ്റം നം. 36 ആയ 13.4.1 12mm Cement Plaster Of Mix 1:4 (1 Cement : 4 Coarse Sand) പ്രകാരം ഭിത്തി 184.487m2പ്ലാസ്റ്റർ ചെയ്യുന്നതിന് 298.12 നിരക്കിൽ 54999.26 രൂപയും വകയിരുത്തിയിട്ടുണ്ട്.

ഇപ്രകാരം 2 ശുചിമുറികളുടെ പ്ലാസ്റ്ററിംഗ് ഇനത്തിൽ ആകെ 262.038m2 (77.551 + 184.487) ചെയ്യുന്നതിന് 298.12 നിരക്കിൽ ആകെ 78118.76 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

DSR 2018, കോസ്റ്റ് ഇൻഡക്സ് 33.85% എന്നിവ പ്രകാരം തയ്യാറാക്കിയ 13.4.1 12mm Cement Plaset Of Mix 1:4 (1 Cement : 4 Coarse Sand) എന്ന ഇനത്തിന്റെ ഡാറ്റ ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | | | | | |
| | Details Of Cost For 10 Sqm<br>Material:<br>Cement Mortar 1:4 (1 Cement : 4 Coarse Sand) | | | | |

| | | | | | |
|---|---|---|---|---|---|
| 3.9 | Rate As Per Item No. 3.9 Of SH: Mortars Labour: | Cum | .144 | 4010.35 | 577.49 |
| 0155 | Mason (Average) | Day | 0.67 | 709 | 475.03 |
| 0115 | Coolie | Day | 0.75 | 558 | 418.50 |
| 0101 | Bhisti | Day | 0.92 | 617 | 567.64 |
| 9999 | Sundries-Scaffolding And | L.S | 12.61 | 2 | 25.22 |
| | Total | | | | 2063.88 |
| | Add Water Charge @ 1% | | | | 20.64 |
| | Total | | | | 2084.52 |

| | |
|---|---|
| Add CPOH 15% | 312.68 |
| Total | 2397.20 |
| Cost Of 10.0 Sqm | 2397.20 |
| Cost Per Sqm | 239.72 |
| Say | 239.70 |
| Arte Without CP | 224.07 |
| Cost Index 33.05% | 74.05 |
| Total With Cost Index1. | 298.12 |

13.4.1 12mm Cement Plaster Of Mix 1:4 (1 Cement : 4 Coarse Sand) എന്ന ഇനം, സിമന്റ് Coarse Sand എന്നിവ 1:4 അനുപാതത്തിൽ ചേർത്ത് പ്ലാസ്റ്റർ ചെയ്യുന്നതിനുള്ളതാണ്. എന്നാൽ ഭിത്തിയിൽ പ്ലാസ്റ്റർ ചെയ്യുന്നതിന് Coarse Sand ഉപയോഗിക്കുന്നതിനേക്കാൾ Fine Sand ഉപയോഗിക്കുന്നതാണ് അഭികാമ്യം.

ആയതിനാൽ മേൽ പ്രവൃത്തിക്കായി ഉപയോഗിക്കേണ്ടിയിരുന്നത് 13.1.1 12mm Cement Plaster Of Mix 1:4 (1 Cement : 4 Fine Sand) എന്ന ഇനമാണ്. ആയതിന്റെ ഡാറ്റയും നിരക്കും ഇനി

[illegible]

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 10 Sqm<br>Material:<br>Cement Mortar 1:4 (1 Cement : 4 Fine Sand) | | | | |
| 3.4 | Rate As Per Item No. 3.4 Of SR:<br>Mortars<br>Labour: | Cum | .144 | 3528.85 | 508.15 |
| 0155 | Mason (Average) | Day | 0.67 | 709 | 475.03 |
| 0115 | Coolie | Day | 0.75 | 558 | 418.50 |
| 0101 | Bhisti | Day | 0.92 | 617 | 567.64 |
| 9999 | Sundries-Scaffolding And | L.S | 12.61 | 2 | 25.22 |
| | Total | | | | 1994.54 |

| | |
|---|---|
| Add Water Charge @ 1% | 19.95 |
| Total | 2014.49 |
| Add CPOH 15% | 302.17 |
| Total | 2316.66 |
| Cost Of 10.0 Sqm | 2316.66 |
| Cost Per Sqm | 231.67 |
| Say | 231.65 |
| Ante Without CP | 216.54 |

| | |
|---|---|
| Cost Index 33.65% | 71.57 |
| | |
| Total With Cost Index | 288.11 |

ഇപ്രകാരം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുമൂലം ടേക്ക് എ ബ്രേക്ക്- അമ്പലത്തറ ശുചി മുറിയുടെ നിർമാണ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തുക അനുവദിച്ചപ്പോൾ അധികചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം നം. വിശദാംശം | Quantity | Rate | Total | അനുവദനീയമായ നിരക്ക് | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | | | | | | |
| 13.4.1 12mm Cement Plaset Of Mix 1:4 (1 Cement : 4 Course Sand) | 182.67 M2 | 298.12/M2 | 54457.58 | 288.11/M2 | 182.67 X 288.11=52629 | 1828 |

ഇപ്രകാരമുള്ള 1828 രൂപയ്ക്ക് പുറമേ 8% സെന്റേജ് ചാർജ് (146), 18% ജി.എസ്.ടി (355) എന്നിവയും ചേർത്ത് ആകെ 2330 രൂപയാണ് പ്രസ്തുത പ്രവൃത്തി ചെയ്തതിനു അധികമായി നൽകിയിട്ടുള്ളത്. അധികം നൽകിയ തുക തുടർ ബില്ലുകളിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

6) Laterite Masonry ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത

പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഒബ്സെർവ്ഡ് ഡാറ്റയായി Laterite Masonry എന്ന ഇനം ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഡാറ്റയിൽ Stone Size 30x20x20 Cm Or Nearest Size ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതുപയോഗിച്ച് Laterite Masonry 1 M3 പ്രവൃത്തി ചെയ്യാൻ 77 കല്ലുകൾ ആവശ്യമായി വരും. എന്നാൽ ഇതേ കാലയളവിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സെർവ്ഡ് ഡാറ്റയിൽ Stone Size 35x20x20 Cm Or Nearest Sizeആണ് ഉപയോഗിക്കുന്നത്. ഇതുപയോഗിച്ച് 1 M3 പ്രവൃത്തി ചെയ്യാൻ 66 കല്ലുകൾ മാത്രം മതിയാകും. ഇപ്രകാരം Stone Size 30x20x20 Cm ഉപയോഗിച്ചതുമൂലം ഉയർന്ന നിരക്ക് അനുവദിച്ചതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ വിവരിച്ചത് പ്രകാരം നിർമിതി കേന്ദ്രത്തിന് അധിക തുക അനുവദിച്ചത് തുടർ ബില്ലുകളിൽ ക്രമീകരിക്കേണ്ടതും ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകതകൾക്ക് വിശദീകരണം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. ആയതുവരെ 8,28,192/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 10/16.11.2024.

## 1-13 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി- അപാകതകൾ

പദ്ധതിയുടെ പേര്- വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം (പ്രോ.നം.154/2023-24)

നിർവ്വഹണം- സെക്രട്ടറി

| വൗച്ചർ നം | തുക | റിമാർക്ക് |
|---|---|---|
| | | |

| | | |
|---|---|---|
| 42300169/തീ.16-06-2023 | 2,75,022 | ശ്രീ അബ്ദുൾ ഖാദർ ടി.കെ എന്നവർക്ക് കൈമാറിയ തുക. (10,52,394/-രൂപ) |
| 42300584/തീ.29-11-2023 | 7,77,372 | |
| 42300584/തീ.29-11-2023 | 10,631 | ആദായ നികുതി ഈടാക്കിയ തുക. |
| ആകെ | 10,63,025 രൂപ. | |

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ)364/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.23 ലെ സ.ഉ(സാധാ)നം.1153/2023/LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ശ്രീ. അബ്ദുൾ ഖാദർ ടി.കെ. s/o സൂപ്പി ടി.കെ, തോണിക്കടവ് ഹൗസ്, കുണ്ടാർ പി.ഒ, മുള്ളേരിയ എന്നവർ സമർപ്പിച്ച 4000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 78/-രൂപ എന്ന നിരക്ക് ഭരണസമിതി തീരുമാനം നം. 1/1 തീയ്യതി 25.03.2023 പ്രകാരം അംഗീകരിച്ചു. KL 16 N 7155, KL 14 S 9139 എന്നീ വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്തത്. 29.03.2023 മുതൽ 10.06.2023 വരെ വിതരണം നടത്തിയതിന് ഇൻകം ടാക്സ് കിഴിവുകൾക്ക് (10,631രൂപ) ശേഷം 10,52,394/-രൂപ കരാറുകാരനു നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) <u>കരാർ പ്രകാരമുള്ള അളവിൽ കുടിവെള്ളവിതരണം നടത്തിയതായി കാണുന്നില്ല.</u>

ടെണ്ടർ പ്രകാരം നിശ്ചയിച്ചത് കിലോമീറ്ററിന് 78/-രൂപ നിരക്കിൽ 4000ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ അത് ഉൾക്കൊള്ളുന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ ഹാജരാക്കിയ കുടിവെള്ള വിതരണ രേഖകൾ പ്രകാരം 2000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലാണ് KL 14 S 9139 എന്ന വാഹനം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. ഇതുമൂലം 1,98,166 രൂപയുടെ ( 2540.59 X 78= 1,98,166) അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഈ വിഷയം റിപ്പോർട്ടിൽ ഭാഗം 3(1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

B) <u>ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ്പ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ. മാത്രമല്ല ട്രിപ്പ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം, എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ്പ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവും നടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. KL 16 N 7155, KL 14 S 9139 എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് എന്ന് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

C) സർക്കാർ ഉത്തരവ് നം.364/2023/LSGD/6.3.23 ലെ ക്രമ നം.(8) പ്രകാരം തുക നൽകുന്നതിന് മുമ്പ് GPS ലോഗും മാനുവൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്തതിന് രേഖകൾ ഇല്ല.

D). ടെണ്ടർ പരസ്യത്തിലെ പ്രധാന നിബന്ധനകളിൽ ക്രമ നം.(17) പ്രകാരം GPS ലോഗും മാനുവൽ ലോഗും തമ്മിൽ യാതൊരു കാരണവശാലും പൊരുത്തക്കേട് ഉണ്ടാകാൻ പാടില്ല. ഇക്കാര്യം കർശനമായി പാലിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. ഇവിടെ ഇവ രണ്ടും പൊരുത്തപ്പെടുന്നില്ല. പക്ഷെ വ്യത്യാസമുള്ളിടത്ത് GPS ലോഗിൽ കാണിച്ച കുറഞ്ഞ ദൂരം കണക്കാക്കിയാണ് തുക നൽകിയത്. സമർപ്പിച്ചിരിക്കുന്ന മാനുവൽ

ലോഗിനോടൊപ്പം കുടിവെള്ളം ലഭിച്ചവർ ഒപ്പുവെച്ച ഒരു പതികയും ഹാജരാക്കിയിട്ടുണ്ട്. പല ദിവസങ്ങളിലും നാലോ അഞ്ചോ പേർ മാത്രമാണ് കുടിവെള്ളം ലഭിച്ചതായി ഒപ്പ് വെച്ചിരിക്കുന്നത്. ഇതും GPS ലോഗും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

E). <u>കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്കൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.</u>

കേരള പഞ്ചായത്ത്‌രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടില്ലാത്ത പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിന് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

F) <u>ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി.</u>

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി KL 16 N 7155, KL 14 S 9139 എന്നീ വാഹനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശോധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 10,63,025 രൂപയിൽ ആദായനികുതി ഇനത്തിൽ ഈടാക്കിയ 10,631രൂപ കുറച്ച് കരാറുകാരന് നൽകിയ 10,52,394 രൂപയിൽ പദ്ധതിക്കുവേണ്ടി അധികം ചെലവഴിച്ച 1,98,166 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും കഴിച്ച് ബാക്കി ചെലവിനാസ്പദമായ 8,54,228 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം.13/16.11.2024.

**<u>1-14 എം.സി.എഫിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ- സി.സി.ടി.വി. സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല.</u>**

| | |
|---|---|
| പ്രോജക്ട്നം./ പേര് | 39/24 (എം.സി.എഫിലേക്ക് അടിസ്ഥാന സൗകര്യംഒരുക്കൽ) |
| പദ്ധതി അടങ്കൽ | 20,00,000/-രൂപ ( 4,50,000 രൂപ(CFC) + 14,00,000 രൂപ (Central Fund) + 1,50,000 രൂപ (State Fund)) |
| ചെലവ് | 11,14,500/-രൂപ (Central Fund) |
| നിർവ്വഹണം | സെക്രട്ടറി |

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 11,14,500/-രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിവരം താഴെ വിവരിക്കുന്നു.

| വിവരണം | ചെലവ് തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|
| എം.സി.എഫിലേക്ക് Hydraulic Bailing Mechine, Conveyer Belt എന്നിവ വാങ്ങിയതിന്റെ തുക | 7,96,500 രൂപ | പ്രകൃതി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും Invoice No.108 തീ.22.1.2024 പ്രകാരം വാങ്ങിയത് |
| എം.സി.എഫിലേക്ക് Camo Electronics Weighing Mechine വാങ്ങിയതിന്റെ തുക | 8,000 രൂപ | Accurate Trade Link എന്ന സ്ഥാപനത്തിൽ നിന്നും Invoice No.23-24/1984 തീ.30.11.2023 പ്രകാരം വാങ്ങിയത്. |
| എം.സി.എഫിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നല്കിയ തുക. | 3,10,000 രൂപ | സി.സി.ടി.വി. സ്ഥാപിക്കുന്നതിന് PWD Electronics Division, തൃശൂരിന് കൈമാറിയ തുക |
| ആകെ | 11,14,500/- രൂപ | |

എം.സി.എഫിൽ സി.സി.ടി.വി. ഉൾപ്പെടെ വിവിധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചത്. ആയത് പ്രകാരം സി.സി.ടി.വി. സ്ഥാപിക്കുന്നതിന് PWD Electronics Division തൃശൂർ എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3,10,000 രൂപ സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാർ വെക്കുകയോ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 3,10,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**<u>1-15 യുവഗ്രാമം പ്രോജക്ട്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 27006/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 179/23-24 |
| പ്രോജക്ടിന്റെ പേര് | യുവഗ്രാമം പ്രോജക്ട് |
| അടങ്കൽ തുക | ₹252795 വികസന ഫണ്ട് പൊതുവിഭാഗം<br>₹100000 തനത് ഫണ്ട്<br>₹50000 മറ്റുള്ളവ<br>______<br>4,02,795 |
| ചെലവ് തുക, ചെക്ക് (നം.തീയതി) | ₹ 27,006, 11659/02.02.2024 |

കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ക്ലബുകൾക്ക് വെള്ളവും കസേരയും വാങ്ങി നൽകുക, ഫുട്ബോൾ പരിശീലനത്തിൽ പരിശീലകന്റെ വേതനം, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം, നേതൃത്വ പരിശീലകന്റെ വേതനം, അനുബന്ധ സാധനങ്ങൾ, കബഡി മെറ്റ് എന്നിവയ്ക്കുള്ള തുക നൽകൽ എന്നീ പ്രവർത്തനങ്ങളാണ് പ്രോജക്റ്റ് ലക്ഷ്യമിടുന്നത്.

ഓഡിറ്റ് വർഷം പ്രോജക്റ്റിന്റെ ഭാഗമായി 2024 ജനുവരി 13 ന് ആയഞ്ചേരി സാംസ്കാരിക റസിഡൻസിയിൽ വെച്ച് നേതൃത്വ പരിശീലന ക്യാമ്പ് നടത്തിയതിന് തനത് ഫണ്ടിൽ നിന്നും ₹ 27,000 ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക |
|---|---|
| ഭക്ഷണച്ചെലവ് | 14,600 |
| ഫെസിലിറ്റേറ്ററുടെ വേതനം | 8,000 |
| സർട്ടിഫിക്കറ്റ് & ബാഗ് | 3,650 |
| ബാനർ | 750 |
| ആകെ | 2,7000 |

പ്രോജക്റ്റ് നടപ്പാക്കലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 8.5 ൽ പരാമർശിച്ചിട്ടുള്ള പരിശീലന പരിപാടിയിൽ നേതൃത്വ പരിശീലന ക്യാമ്പ് ഉൾപ്പെട്ടിട്ടില്ല.

2. 9.30 AM മുതൽ 1.30 PM വരെ 4 മണിക്കൂർ ക്ലാസ് നയിച്ചതിന് ശ്രീ വേണുഗോപാലൻ വി എന്നയാൾക്ക് 8,000/- രൂപ നൽകിയിട്ടുണ്ട്. തുക കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചത് സംബന്ധിച്ചും ക്ലാസ് നടത്തിയതിന് തുക അനുവദിച്ചത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭിക്കുന്നതിന്റെ അഭാവത്തിൽ ₹27,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.4/13.11.2024

## 1-16 ഭവന പുനരുദ്ധാരണം-അപാകതകൾ

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരിയ സർക്കിൾ | |
| പ്രോജക്റ്റ് നം & പേര് | 5/23-24, ഭവനപുനരുദ്ധാരണം | 253/23-24, ഭവനപുനരുദ്ധാരണം-SC (SO) |
| അടങ്കൽ തുക | ₹2000000 (വികസന ഫണ്ട് ടി എസ് പി)<br>₹400000 തനത് ഫണ്ട്<br>———<br>₹2400000 | ₹750000 തനത് ഫണ്ട് |
| ചെലവ് | ₹13,25,104 (വികസന ഫണ്ട് ടി എസ് പി) | ₹6,23,000 |
| തുക, ബിൽ നം.തീയതി | ₹300000, 5/30.10.2023<br>₹300000, 16/27.11.2023<br>₹300000, 17/27.11.2023<br>₹75000, 18/28.11.2023<br>₹75000, 19/28.11.2023<br>₹275104, 32/30.01.2024 | ₹6,23,000,3854112/12.09.2023 |

ഗ്രാമ പഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് മേൽ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്.

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6.7(4) പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ വീട് വാസയോഗ്യമാക്കൽ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കാതെ, വർഷത്തിൽ താഴെ കാലപ്പഴക്കം ഉള്ള വീടുകളുടെ ഉടമസ്ഥർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

I. കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കാതെ ആനുകൂല്യം കൈപ്പറ്റിയവർ

| ക്രമ നം | പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | 2023-24 വർഷം കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 5/23-24 | ചിറ്റ എ | 75000 | കെട്ടിടനമ്പർ ലഭിച്ചിട്ടില്ല. ആയതിനാൽ സഞ്ചയ പ്രകാരമുള്ളകെട്ടിടത്തിന്റെ കാലപ്പഴക്കം ലഭ്യമല്ല |
| 2 | 5/23-24 | രാധ സി | 125000 | 2023-24 രണ്ടാം അർദ്ധവർഷം കെട്ടിടനമ്പർ അനുവദിച്ച് നികുതി അസസ്മെന്റ് നടത്തി |
| 3 | 253/23-24 | ഉമ്പിതി എച്ച് | 30000 | 2023-24 ഒന്നാം അർദ്ധവർഷം കെട്ടിടനമ്പർ അനുവദിച്ച് നികുതി അസസ്മെന്റ് നടത്തി |

II. 8 വർഷത്തിൽ താഴെ കാലപ്പഴക്കം ഉള്ള വീടുകളുടെ ഉടമസ്ഥർ

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | 2023-24 വർഷം കൈപ്പറ്റിയ തുക | വീട് നം/ സഞ്ചയ പ്രകാരമുള്ള കാലപ്പഴക്കം |
|---|---|---|---|
| 5/23-24 | കമലാക്ഷി എ | 75000 | 11/288 & 3 വർഷം |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, ചിറ്റ എ, ഉമ്പിതി എച്ച്, കമലാക്ഷി എ എന്നീ ഗുണഭോക്താക്കൾ ഐ എ വൈ- എസ് ടി ഭവനപദ്ധതി പ്രകാരം യഥാക്രമം 07.05.2014, 26.07.2012, 28.01.2015 എന്നീ തീയതികളിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ ഗുണഭോക്താക്കളുടെ അറിവില്ലായ്മ മൂലം കെട്ടിട നമ്പറിനായി അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ കെട്ടിടനമ്പർ ലഭിച്ചതിൽ വന്ന കാലതാമസം കാരണമാണ് സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയായതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മേൽ ഗുണഭോക്താക്കളുടെ ഐ എ വൈ സ്കീം രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

രാധ സി എന്ന ഗുണഭോക്താവിന്റെ ഭവനത്തിന് 15 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുണ്ടെന്ന ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഭവനപുനരുദ്ധാരണത്തിനുള്ള തുക അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിടനമ്പർ അനുവദിക്കാത്ത, കാലപ്പഴക്കം സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്ത കെട്ടിടങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിനായി തുക അനുവദിച്ചത് ശരിയായ നടപടിക്രമമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 11/18.11.2024

## I-17 ലൈഫ് ഭവനം എസ്.ടി- മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയിൽ നിന്നും അധികമായി തുക അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലൂർ സർക്കിൾ |
| പ്രോജക്ട് നം. & പേര് | 9/23-24, ലൈഫ് ഭവനം എസ്.ടി |
| അടങ്കൽ തുക | ₹1,10,131 വികസന ഫണ്ട് പൊതുവിഭാഗം<br>₹14,36,400 വികസന ഫണ്ട് ടി എസ് പി<br>₹16,00,000 സംസ്ഥാനവിഹിത ഫണ്ട്<br>₹10,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹10,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹1,66,10,869 മറ്റുള്ളവ<br>———<br>₹3,21,56,800 |

| | |
|---|---|
| ചെലവ് തുക | ₹1,10,131 വികസന ഫണ്ട് പൊതുവിഭാഗം<br>₹11,36,800 (വികസന ഫണ്ട് ടി എസ് പി)<br>₹50,40,000 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹3,98,500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>———<br>₹66,85,431 |
| തുക, ബിൽ നംബർ/ചെക്ക് നം ,തീയതി | ₹1,10,131, 10/19.11.2023<br>₹6,54,217, 1/19.06.2023<br>₹4,52,583, 5/14.07.2023<br>₹36,00,000, 605441/20.06.2023<br>₹14,40,000,605435/10.07.2023<br>₹2,98,500,4/26.06.2023<br>₹1,00,000,7/15.07.2023 |

പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. തുക അനുവദിച്ച ശ്രീമതി ലത ബി എന്ന ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കുകൾ (IFSC IBKL0450?KD A/C No.150321200420739 , KLGB0040437 A/C No.40437101047035) പരിശോധിച്ചതിൽ നിന്നും ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദനീയമായ തുകയായ 6 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച തുക | അക്കൗണ്ട് നമ്പർ | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|
| 60,000 | 150321200420739 | 27.09.2021 |
| 1,00,000 | 150321200420739 | 07.02.2022 |
| 1,00,000 | 150321200420739 | 16.03.2022 |
| 60,000 | 150321200420739 | 14.07.2022 |
| 50,000 | 150321200420739 | 03.12.2022 |
| 60,000 | 150321200420739 | 08.02.2023 |
| 40,000 | 150321200420739 | 22.06.2023 |
| 60,000 | 40437101047035 | 03.10.2023 |
| 90,000 | 40437101047035 | 11.07.2024 |
| 30,000 | 40437101047035 | 08.10.2024 |
| ആകെ 6,60,000 | | |

അധികം തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, തുക തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ നിന്നും അധികമായി അനുവദിച്ച 60,000/- രൂപ തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം:12/16.11.2024

## I-38 ഐ. കെ. എം ന് പഞ്ചായത്ത് വിഹിതം- ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട്നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 2/2023-24 | ഐ. കെ. എം ന് പഞ്ചായത്ത് വിഹിതം | 75,252 രൂപ വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം (BRN 232004530027000 6377)തീയതി 5.5.2023 |

| | | | |
|---|---|---|---|
| | | 1,89,569 രൂപ വികസന ഫണ്ട് | ഐ. കെ. എം. തിരുവനന്തപുരം (BRN 23200452002700751771 തീയതി 7.11.2023 |
| ആകെ | | 2,65,121രൂപ | |

ഐ. കെ. എം. ന് നല്കിയ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 2,65,121 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഗ്രാമസഭ- നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നില്ല.

2023-24 വർഷത്തിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനിട്ട് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഗ്രാമസഭാ സംഘാടനത്തിൽ പ്രസ്തുത സമയനിബന്ധന പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | വാർഡിന്റെ പേര് | ആകെ വോട്ടർമാർ | ഗ്രാമസഭ തീയതി | എണ്ണം | ഗ്രാമസഭ തീയതി | എണ്ണം |
|---|---|---|---|---|---|---|
| 1 | കുണിയ | 1272 | 24.6.2023 | 124 | 26.12.2023 | 128 |
| 2 | ആയംപാറ | 1408 | 25.6.2023 | 145 | 11.12.2023 | 145 |
| 3 | കൂടാനം | 1575 | 25.6.2023 | 165 | 11.12.2023 | 160 |
| 4 | തന്നിത്തോട് | 1530 | 22.6.2023 | 160 | 13.12.2023 | 160 |
| 5 | കല്യോട്ട് | 1404 | 22.6.2023 | 151 | 11.12.2023 | 144 |
| 6 | ഇരിയ | 1670 | 21.6.2023 | 171 | 14.12.2023 | 170 |
| 7 | കുമ്പള | 1467 | 27.6.2023 | 149 | 5.12.2023 | 162 |
| 8 | അമ്പലത്തറ | 1502 | 25.6.2023 | 152 | 13.12.2023 | 145 |
| 9 | കൊടവലം | 1290 | 23.6.2023 | 155 | 17.12.2023 | 136 |
| 10 | വിഷ്ണുമംഗലം | 1589 | 23.6.2023 | 167 | 13.12.2023 | 166 |
| 11 | ഹരിപുരം | 1348 | 26.6.2023 | 159 | 13.12.2023 | 141 |
| 12 | തട്ടുമ്മൽ | 1208 | 23.6.2023 | 122 | 12.12.2023 | 124 |
| 13 | കേളോത്ത് | 1421 | 27.6.2023 | 150 | 16.12.2023 | 153 |
| 14 | ചാലിങ്കാൽ | 1691 | 21.6.2023 | 168 | 5.12.2023 | 172 |
| 15 | കായക്കുളം | 1193 | 24.6.2023 | 120 | 15.12.2023 | 121 |
| 16 | പെരിയ | 1269 | 24.6.2023 | 149 | 16.12.2023 | 140 |
| 17 | പെരിയബസാർ | 1499 | 24.6.2023 | 154 | 16.12.2023 | 152 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2023-24 വർഷം നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

### 1. ഗ്രാമസഭ യോഗം -സമയപരിധി പാലിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ്, വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ, കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതും; യോഗം ചേരുന്ന വിവരം ഒരു പൊതുനോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്

പഞ്ചായത്ത് അംഗത്തെയും ജില്ലാ പഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ രണ്ടാമത്തെ ഗ്രാമസഭ 2023 ഡിസംബർ മാസത്തിൽ കൂടിയതിനുശേഷം 2024 ആഗസ്റ്റ് മാസത്തിലാണ് ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം, തദ്ദേശ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട്, ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടില്ല.

3. സ.ഉ.(കൈ)84/2022/തസ്വഭവ തീയതി 18.04.22 പദ്ധതി മാർഗ്ഗരേഖ ഖ.3.2.3 ലെ ക്രമ നം.3 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6 ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ രത്നച്ചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭ യോഗത്തിൽ വിതരണം ചെയ്യണം. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന വിവരം ഗ്രാമസഭ മിനിറ്റ്സിൽ നിന്നും ലഭ്യമല്ല.

4. വ്യക്തിഗത ഗുണഭോക്തൃ പട്ടികകൾ അംഗീകരിക്കുന്നതിലധികമായി ഗ്രാമസഭകൾ അതിന് നിയമം ഏൽപ്പിച്ചുനൽകിയ അധികാരങ്ങൾ വിനിയോഗിക്കുകയോ കടമകൾ നിർവ്വഹിക്കുകയോ ചെയ്യുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 3(6) അനുശാസിക്കും പ്രകാരം ആ വാർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പദ്ധതികളുടെ സാമ്പത്തിക അവലോകനം, മുൻവർഷത്തെ വാർഷിക കണക്കുകളുടെ പത്രിക, ഭരണ നിർവ്വഹണ റിപ്പോർട്ട് എന്നിവ പഞ്ചായത്ത് ഓരോ വർഷത്തെയും ആദ്യ ഗ്രാമസഭ മുൻപാകെ വയ്ക്കേണ്ടതും വകുപ്പ് 3എ(2)പ്രകാരം ഗ്രാമസഭ ഇത് ചർച്ച ചെയ്യേണ്ടതുമാണെങ്കിലും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. വകുപ്പ് 3എ ഉപഖണ്ഡിക 1(എ) മുതൽ എസ് വരെ )ൽ പ്രതിപാദിക്കുന്ന അധികാരങ്ങൾ ഗ്രാമസഭകൾ യഥാവിധി വിനിയോഗിച്ചതായി കാണുന്നില്ല. ക്ഷേമപെൻഷൻ അപേക്ഷകരുടെ അർഹത ചില വാർഡുകളിൽ ഒഴിച്ച് ഭൂരിഭാഗം വാർഡുകളിലെ ഗ്രാമസഭകളിലും പരിശോധനകൾക്ക് വിധേയമാക്കപ്പെടുന്നില്ല.

ഗ്രാമസഭാ യോഗം ചേരുന്നതിൽ ചട്ടപ്രകാരമുള്ള സമയനിബന്ധന പാലിക്കാത്തതിനും മേൽ വിവരിച്ച അപാകതകൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.9/16.11.2024.

## I-20 ആശാ കെയർ പദ്ധതി-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, CHC പെരിയ |
| പ്രോജക്ട് നം, പേര് | 60/2024- ആശാ കെയർ പദ്ധതി |
| അടങ്കൽ | 35,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 32,250/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം/ തീയ്യതി | 1. 23200452012000021407/ 12.12.2023 തുക 29,750/-<br>2. 23200452012001108287/23.01.2024തുക-1,750/-<br>3.23200452012001400621/ 19.03.2024തുക-750/- |

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, CHC പെരിയ നിർവ്വഹണം ചെയ്ത ആശാ കെയർ പദ്ധതിക്കായി മേൽ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 32,250/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആശ വർക്കർമാർക്ക് കുട, വാട്ടർബോട്ടിൽ, ബാഗ് എന്നിവ ക്വട്ടേഷൻ മുഖേന വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഹോളി ബാഗ് കമ്പനി, കോട്ടച്ചേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

വികസന ഫണ്ട് ഉപയോഗിച്ച് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പദ്ധതി/ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നല്കി കാണുന്നില്ല. ഇത് സംബന്ധിച്ച സർക്കാർ /

വകുപ്പ് തല ഉത്തരവുകൾ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിനായി ചെലവഴിച്ച 32,250/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.7/15.11.2024.

## 1-21 ഒരേ റോഡിന്റെ രണ്ട് റീച്ചുകൾ രണ്ട് പദ്ധതികളിലൂടെ നടത്തിയത് സാമ്പത്തിക നഷ്ടത്തിന് കാരണമായി

2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും ഇ-ടെണ്ടർ നടപടികളിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. നടപ്പ് വർഷത്തിൽ മാടിക്കാൽ വിവേകാനന്ദ നഗർ താളിക്കുണ്ട് റോഡുമായി ബന്ധപ്പെട്ട് രണ്ട് പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട് - മാടിക്കാൽ വിവേകാനന്ദ നഗർ താളിക്കുണ്ട് റോഡ് കോൺക്രീറ്റ് (പ്രോ.നം.129/2024), മാടിക്കാൽ വിവേകാനന്ദ നഗർ താളിക്കുണ്ട് റോഡ് കോൺക്രീറ്റ് അവസാനഭാഗം (പ്രോ.നം.334/2024). ഒരേ റോഡിന്റെ ഭാഗമായ ഈ പ്രവൃത്തികൾ രണ്ട് പദ്ധതികളായി നടപ്പിലാക്കിയതിനാൽ ഒരു പ്രവൃത്തിക്ക് അടുത്ത പ്രവൃത്തിയെ അപേക്ഷിച്ച് ഉയർന്ന നിരക്കിൽ പ്രവൃത്തിയുടെ കരാർ നൽകേണ്ടിവന്നതായി കാണാം. ഇതേപോലെ കൃഷിഭവൻ പതിക്കാൽ റോഡുമായി ബന്ധപ്പെട്ടും രണ്ട് പ്രവൃത്തികൾ - കൃഷിഭവൻ പതിക്കാൽ റോഡ് ടാറിങ് (പ്രോ.നം.268/2024), കൃഷിഭവൻ പതിക്കാൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (പ്രോ.നം.339/2024) നിർവഹിച്ചിട്ടുണ്ട്. രണ്ട് റോഡുകളിലെയും പ്രവൃത്തികളിലെ സമാന ഇനങ്ങളും അവയുടെ കരാർ പ്രകാരമുള്ള നിരക്കും ചുവടെ ചേർക്കുന്നു.

1) മാടിക്കാൽ വിവേകാനന്ദനഗർ താളിക്കുണ്ട് റോഡ്

| പദ്ധതി നം കരാറുകാരൻ | Compacting Original Ground (3.15.2) | Granular Sub-Base (4.11.2) | Providing Plain Cement Concrete For Road Work CC 1:2:4 (75.8.1) | Construction Of Subgrade And Earthen Shoulders (3.14) | ചെലവ് തുക |
|---|---|---|---|---|---|
| 334/2024 ടി തമ്പാൻ | 62.02/Cum | 2202.03/Cum | 8150.63/Cum | 453.39/Cum | 82,993 |
| 129/2024 അശോക് സി | 50/Cum | 1800/Cum | 5800/Cum | 300/Cum | 2,36,959 |
| അധിക നിരക്ക് | 12.02/Cum | 402.03/Cum | 2350.63/Cum | 153.39/Cum | |

പട്ടികയിലെ ഇനങ്ങളിൽ പ്രോ.നം.334/24 മായി ബന്ധപ്പെട്ട് Compacting Original Ground -9.75/Cum , Granular Sub-Base – 4.875/Cum , Plain Cement Concrete – 7.313/Cum , Construction Of Subgrade – 1.013/Cum എന്നീ അളവുകളിലാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ഈ അളവുകൾ പ്രകാരം ഏകദേശം 19,423/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

2. കൃഷിഭവൻ പതിക്കാൽ റോഡ്

| പദ്ധതി നം കരാറുകാരൻ | Granular Sub-Base (4.11.2) | Wet Mix Macadam (4.9) | Prime Coat - Low Porosity (5.1.1a) | Tack Coat (5.2.3a) | ചെലവ് തുക |
|---|---|---|---|---|---|
| 339/2024 ടി തമ്പാൻ | 2202.03/Cum | 3255.46/Cum | 69.49/Sqm | 14.32/Sqm | 2,00,000 |
| 268/2024 ടി തമ്പാൻ | 1761/Cum | 2604/Cum | 59/Sqm | 12.40/Sqm | 6,38,883 |
| അധിക നിരക്ക് | 441.03/Cum | 651.46/Cum | 10.49/Sqm | 1.92/Sqm | |

പട്ടികയിലെ ഇനങ്ങളിൽ പ്രോ.നം.339/24 മായി ബന്ധപ്പെട്ട് Granular Sub-Base – 26.65/Cum , Wet Mix Macadam – 39.075/Cum , Prime Coat -Low Porosity – 260.5/Sqm , Tack Coat – 260.5/Sqm എന്നീ അളവുകളിലാണ് പ്രവർത്തികൾ ചെയ്തിട്ടുള്ളത്. ഈ അളവുകൾ പ്രകാരം ഏകദേശം 40,177/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

പദ്ധതികളുടെ ആസൂത്രണത്തിൽ വന്ന അപാകതകളും ടെണ്ടർ നടപടികളിലെ കാലതാമസവുമാണ് ഇത്തരത്തിലുള്ള അധികച്ചെലവിനുള്ള പ്രധാന കാരണങ്ങൾ. ഇക്കാര്യങ്ങൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സംഭരണം- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ (കൈ)നം.92/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രോക്യുയർമെന്റ് കമ്മിറ്റിയുടെ രൂപീകരണം, പ്രൊക്യുയർമെന്റ് പ്ലാൻ തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സാധനസാമഗ്രികളുടെ സംഭരണം, വിതരണം, മിച്ചമുള്ള സാമഗ്രികളുടെ ഡിസ്പോസൽ, പ്രൊക്യുയർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദേശങ്ങൾ ഈ മാർഗരേഖയിൽ ഉണ്ട്.

പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടത്തുകയും വലിയ അളവിൽ സാധനസാമഗ്രികൾ സംഭരിച്ച് തുക വെണ്ടർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങൾ, സംഭരണം, വിതരണം എന്നിവയിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ വാങ്ങലുകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രൊക്യുയർമെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ആവശ്യകതയനുസരിച്ചാണ് പ്രൊക്യുയർമെന്റ് നടത്തുന്നത്.

2. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ എഞ്ചിനീയർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

3. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

സാധന സാമഗ്രികളുടെ സമാഹരണത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10,240 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്.

2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റ് വാങ്ങിയതിന്റെ ഇൻവോയ്സ് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വളരെ വലിയ ഈ വില വ്യത്യാസം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ്മാന്റെ ശ്രദ്ധയിൽപ്പെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNREGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ വിശദാംശങ്ങൾ | സിമന്റ് വാങ്ങിയതിന് വെണ്ടർക്ക് നൽകിയ തുക | വെണ്ടർ ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്ക്, തുക |
|---|---|---|---|
| 1 | മധുരമ്പാടി താലിക്കുണ്ട് റോഡ് കോൺക്രീറ്റ്(1601001004/RC/363849) വെണ്ടർ- Thamban T | 16.187 Tonne @ Rs.10,240/Tonne= 165754 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 323.74 ചാക്കുകൾ) FTO 012EATPAYREQ040420231612561 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 14/01.03.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.187 ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 165754.88രൂപ കണക്കാക്കിയിട്ടുണ്ട്. |
| 2 | കണ്ണാടിപ്പാറ കുറങ്കര കാലിച്ചാമരം റോഡ് കോൺക്രീറ്റ് (1601001004/RC/364648) വെണ്ടർ- T Anandan | 16.15 Tonne @ Rs.10,240/Tonne= 165376 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 323ചാക്കുകൾ) (FTO-0121EATPAYREQ0404202162099 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 28/02.11.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.15 ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 165376 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 3 | മുട്ടിച്ചരൽ കണ്ണോത്ത് തട്ടുമ്മൽ റോഡ് കോൺക്രീറ്റ് (1601001004/RC/358757) വെണ്ടർ- Shaji E K | 16.1 Tonne @ Rs.10,240/Tonne= 164864രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 322ചാക്കുകൾ) (FTO-0121EATPAYREQ04042023162149 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 3/12.12.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.1 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 164864 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 4 | തടത്തിൽ പന്നിക്കുഴി റോഡ് കോൺക്രീറ്റ്(1601001004/RC/362972) Vender A.V Sreedharan | 16.18 Tonne @ Rs.10,240/Tonne= 165683രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 323.6 ചാക്കുകൾ) (FTO-0121EATPAYREQ12558 For Rs.385747 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 12/24.01.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.18 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 165683 രൂപ കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 5 | കേളോത്ത് കേളോത്ത് അക്കരമ്മൽ റോഡ് കോൺക്രീറ്റ്(1601001004/RC/363953) വെണ്ടർ- A V Sreedharan | 16.18 Tonne @ Rs.10,240/Tonne= 165683രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 323.6 ചാക്കുകൾ) (FTO-0121EATPAYREQ04042023161350 For Rs.376471 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് No. 2/03.02.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.18 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 165683 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 6. | കമ്മാടത്തു പാറ തൊട്ടുപ്പുറം റോഡ് കോൺക്രീറ്റ്(1601001004/RC/358768) വെണ്ടർ- A V Sreedharan | 16.1 Tonne @ Rs.10,240/Tonne= 164864രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 322 ചാക്കുകൾ) (FTO-0121EATPAYREQ05102023t1645 For Rs.382474 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് No. 05/17.01.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.10 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 164864 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 7 | ചാലിക്കാൽ കുന്നുമ്മൽ റോഡ് കോൺക്രീറ്റ്(160/100/1004/Rc/363405) വെണ്ടർ- A V Sreedharan | 16.05 Tonne @ Rs.10,240/Tonne= 164352രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 321 ചാക്കുകൾ) (FTO-0121EATPAYREQ04042023161280 For Rs.373269 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് No. 09/20.02.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.05ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 164352 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 8 | പുളിക്കൽ വായിച്ചമ്പല റോഡ് കോൺക്രീറ്റ് (1601001004/Rc/360403) വെണ്ടർ- T Anandan | 16.1 Tonne @ Rs.10,240/Tonne= 164864 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 322 ചാക്കുകൾ) (FTO-0121EATPAYREQ05042023161440 For Rs.382507 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് No. 08/23.01.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.15ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 164864 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 9 | വാഴക്കുഴി റോഡ് കോൺക്രീറ്റ്(1601001004/RC/358286) വെണ്ടർ- T Thamban | 16.1 Tonne @ Rs.10,240/Tonne= 164864 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 328 ചാക്കുകൾ) FTO-0121EATPAYREQ0404202316737 For Rs.3,85,747 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് No. 09/13.05.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 16.15ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 164864 രൂപ കണക്കാക്കിയിട്ടുണ്ട്. |

50 കിലോയുടെ ഒരു ചാക്കിന് 512 രൂപ നിരക്കിലാണ് പഞ്ചായത്ത് സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ മറ്റു വ്യക്തിഗത പ്രവൃത്തികളിൽ (ഉദാ- പശുത്തൊഴുത്ത് നിർമ്മാണം) ഗുണഭോക്താക്കൾ സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത് താരതമ്യേന വളരെ ചെറിയ വിലയ്ക്കാണെന്ന് കാണുന്നു.

ഉദാഹരണം-

1.ഒന്നാം വാർഡിലെ Rasheeda K P എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/692183). ഈ പ്രവൃത്തിക്കായി ശ്രീമതി ആരിഫാബി 23 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 440 രൂപ നിരക്കിലാണ്. (Top Line Traders Pullur (GSTIN- 32DNNPA4 043L1Z5) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.3, തിയതി 24.07.2023).

2.പതിനാറാം വാർഡിലെ ശ്രീ Ramakrishnan T V എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി Goat Shed നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/724208). ഈ പ്രവൃത്തിക്കായി 4 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 420 രൂപ നിരക്കിലാണ്. (Priya Cement Agencies Periya (GSTIN- 32AKDPP7783J1ZQ) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.4458, തിയതി 18.08.2023).

3.പത്താം വാർഡിലെ Govindhan എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/821635). ഈ പ്രവൃത്തിക്കായി 17 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 440 രൂപ നിരക്കിലാണ്. (Sreekrishna Hardware Kasargode (GSTIN- 32AAIFS8343N1ZQ) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.16746, തിയതി 26.10.2023)

4.ഒന്നാം വാർഡിലെ Balkees എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/828185). ഈ പ്രവൃത്തിക്കായി 15 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 400 രൂപ നിരക്കിലാണ്. (Priya Cement Agencies (GSTIN- 32AKDPP7783J1ZQ) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.6475, തിയതി 21.12.2023)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം നിരക്കിൽ സിമന്റ് സംഭരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. യുക്തമായ നടപടികളിലൂടെ ടെണ്ടർ ചെയ്യുന്ന നിരക്ക് സിമന്റിന്റെ വിപണി നിരക്കുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

## **I-24 കൃഷി ഓഫീസറുടെ പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല.**

| നിർവഹണഉദ്യോഗസ്ഥൻ കൃഷി ഓഫീസർ | | |
|---|---|---|
| പ്രോജക്ട് നം. & പേര് | 40/23-24, ഭക്ഷ്യ സുരക്ഷ- തെങ്ങ് കൃഷി പരിപാലനം | 41/23-24, തനത് സമ്പന്നം നെൽകൃഷി പരിപാലനം |
| അടങ്കൽ | ₹1584300(വികസന ഫണ്ട് പൊതുവിഭാഗം) ₹816935(മറ്റുള്ളവ) ആകെ ₹2401235 | ₹1510000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക | ₹764267 വികസന ഫണ്ട് പൊതുവിഭാഗം ₹816935(മറ്റുള്ളവ) ആകെ ₹1581202 | ₹1224640 വികസന ഫണ്ട് പൊതുവിഭാഗം |

പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് സബ്സിഡി തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| **പ്രോജക്ട് നം 40/23-24-** | | |
| ബിൽ റെഫറൻസ് നം.23200452011800855475/തീ.28.11.23 - 268138/-രൂപ | | |
| 1 | സുനൈബ | 1472 രൂപ |
| ബിൽ റെഫറൻസ് നം.23200452011800884479 /തീ.04.12.23 - 220631/-രൂപ | | |
| 2 | ബാബു | 960രൂപ |
| **പ്രോജക്ട് നം 41/23-24** | | |
| ബിൽ റെഫറൻസ് നം.23200452011800883409/തീ.04.12.23 - 322200/-രൂപ | | |
| 1 | അശോകൻ | 2000രൂപ |
| 2 | ഇന്ദിര | 5840 രൂപ |
| 3 | പണിക്കർ | 2400 രൂപ |
| 4 | രാജു കെ പി | 6400 രൂപ |
| 5 | യശോദ | 9200 രൂപ |
| 6 | നാരായണൻ | 6800 രൂപ |
| ബിൽ റെഫറൻസ് 23200452011800983337/തീ.27.12.23 - 304040/-രൂപ | | |
| 7 | മധുരിമ | 8000രൂപ |
| 8 | സൗഭാഗ്യ | 8800 രൂപ |
| ബിൽ റെഫറൻസ് നം.23200452011801083351/തീ.07.01.2024 - 387800/-രൂപ | | |
| 9 | അനീഷ് കുമാർ കെ | 6000 രൂപ |
| 10 | കൃഷ്ണൻ പി | 2400 രൂപ |
| 11 | ടി നാരായണൻ | 2400 രൂപ |
| 12 | വിജയൻ നായർ | 2800 രൂപ |

സാംഖ്യയിൽ Fund Returned To Govt. എന്ന സ്റ്റാറ്റസ് ആണുള്ളത്. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

(KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 18(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം)

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

(KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 18(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം)

### 3.1 കുടിവെള്ളവിതരണം- കരാർ പ്രകാരമുള്ള അളവിൽ നടത്തിയില്ല- ഗ്രാമപഞ്ചായത്തിന് അധിക ചെലവ്.

പദ്ധതിയുടെ പേര്- വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം (പ്രോ.നം.154/2023-24)
നിർവ്വഹണം- സെക്രട്ടറി

| വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 42300109/തീ.16-06-2023 | 2,75,022 | ശ്രീ. അബ്ദുൾ ഖാദർ.ടി.കെ എന്നവർക്ക് കൈമാറിയ തുക. (10,52,394/-രൂപ) |
| 42300584/തീ.29-11-2023 | 7,77,372 | |
| 42300584/തീ.29-11-2023 | 10,631 | ആദായ നികുതി ഈടാക്കിയ തുക. |

| | |
|---|---|
| ആകെ | 10,63,025 രൂപ. |

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ)264/2023 ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.2023 ലെ സ.ഉ(സാധാ)നം.1153/2023/LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ശ്രീ. അബ്ദുൾ ഖാദർ ടി.കെ, S/O സൂപ്പി ടി.കെ, തോണിക്കടവ് ഹൗസ്, കുണ്ടാർ പി.ഒ, മുള്ളേരിയ എന്നവർ സമർപ്പിച്ച 4000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 78/-രൂപ എന്ന നിരക്ക് ഭരണസമിതി തീരുമാനം നം. 1/1 തീയ്യതി 25.03.2023 പ്രകാരം അംഗീകരിച്ചു. KL 16 N 7155, KL 14 S 9139 എന്നീ വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്തത്. 29.03.2023 മുതൽ 10.06.2023 വരെ വിതരണം നടത്തിയതിന് ഇൻകം ടാക്സ് കിഴിവുകൾക്ക് (10,631രൂപ) ശേഷം 10,52,394/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ടെണ്ടർ പ്രകാരം നിശ്ചയിച്ചത് കിലോമീറ്ററിന് 78/-രൂപ നിരക്കിൽ, 4000ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ അത് ഉൾക്കൊള്ളുന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ വിതരണ രേഖകൾ പ്രകാരം കുടിവെള്ള വിതരണത്തിന് ഉപയോഗിച്ച KL 14 S 9139 എന്ന വാഹനം 2000ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലാണ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. 5.5.2023 മുതൽ 31.5.2023 വരെയും, 6.6.2023 മുതൽ 10.6.2023 വരെയും ഈ വാഹനം 5081.17 Km ഓടിയതിന് ഒരു കിലോമീറ്ററിന് 78/-രൂപ പ്രകാരം ആകെ 3,96,331 രൂപ ശ്രീ അബ്ദുൾ ഖാദർ.ടി.കെ നല്കിയ അപേക്ഷയെ തുടർന്ന് അദ്ദേഹത്തിന് കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം ഒരു ട്രിപ്പിൽ 4000ലിറ്റർ വെള്ളം സംഭരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യേണ്ടിയിരുന്നതിന് പകരം ഒരു ട്രിപ്പിൽ 2000ലിറ്റർ വെള്ളം സംഭരിച്ച് വിതരണം ചെയ്തതുമൂലം ഇരട്ടി കിലോമീറ്ററാണ് വാഹനം ഓടിയിട്ടുള്ളത്. 32 ദിവസങ്ങളിലായി ഒരു ട്രിപ്പിൽ 2000ലിറ്റർ വെള്ളം കൊണ്ട് 5081.17 Km സഞ്ചരിച്ചതിന്റെ രേഖ ഹാജരാക്കിയാണ് കരാറുകാരൻ തുക കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ ഒരു ട്രിപ്പിൽ 4000ലിറ്റർ വെള്ളം കൊണ്ടുപോകാൻ പറ്റുന്ന വാഹനത്തിലാണ് കുടിവെള്ളം കൊണ്ടുപോയിരുന്നതെങ്കിൽ 2540.59 Km മാത്രമെ വാഹനം സഞ്ചരിക്കേണ്ടിവരുമായിരുന്നുള്ളൂ. ഇതുമൂലം 1,98,166 രൂപയുടെ ( 2540.59 X 78) അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.
മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 1,98,166 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.13/16.11.2024.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4.1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 398500 | 09/2024- ലൈഫ് ഭവനം എസ് ടി | 398500 | 0 |
| | | 300000 | 03/2024- ലൈഫ് ഭവനം എസ് സി | 300000 | 0 |
| | | 1900000 | 08/2024- ലൈഫ് ഭവനം ജനറൽ | 1900000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 409500 | 83/2024- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 409500 | 0 |
| | | 600000 | 79/2024- അംഗണവാടി പോഷകാഹാരം | 600000 | 0 |
| | | 300000 | 13/2024- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 85556 | 287/2024- ഇ പി എ പി ഗുണഭോക്താക്കൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ഭക്ഷണകിറ്റ് വിതരണം | 85556 | 0 |
| ആകെ തുക | | 3993556 | | 3993556 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 300000 | 03/2024- ലൈഫ് ഭവനം എസ് സി | 300000 | 0 |
| | 2023-24 | 1140000 | 08/2024- ലൈഫ് ഭവനം ജനറൽ | 1140000 | 0 |
| | 2023-24 | 160000 | 83/2024- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 160000 | 0 |
| | 2023-24 | 500000 | 13/2024- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| | 2023-24 | 393946 | 17/2024- ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവുകൾ | 393946 | 0 |
| ആകെ തുക | | 2493946 | | 2493946 | |

## 4.2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4.3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4.4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തന്വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.14-5-2018 & ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | ₹33183010 | ₹2,18,31,909 + തൻ വർഷം ലഭിച്ചത് 16,40,000 ആകെ ₹2,34,71,909 | ₹36,95,101 | - | ₹1,97,76,808 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 42,80,000/- |
| തൻവർഷം നിക്ഷേപിച്ചത് (പലിശ) | 0 |
| ആകെ | 42,80,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 42,80,000/- |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ്ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പെരിയ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 04/04/2023 | 1 വർഷം | 42,80,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,083/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2022-23 | 2-1 | 5,083 | സെക്രട്ടറി | 1230900651/17.04.2023 തുക-617, 1230904184/06.02.2023 തുക-650, 1230904624/20.02.2024 തുക-1000, 1230904654/21.02.2024 തുക-500, 1230904878/24.02.2024 തുക-2016, 1230905276/02.03.2024 തുക-300 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും -അവലോകനം 2012-13 | - | 2012-13 | 3.3.6.8 അനുബന്ധം 6, 7, 8 | ആരോഗ്യ വർക്കിങ് ഗ്രൂപ്പ് സജീവമല്ല | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ എം.ടി.പി 07.01.2023 ന് സംസ്ഥാന |

| | | | | | |
|---|---|---|---|---|---|
| | | | | | ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) പരിഗണനയിൽ |
| -ടി- | - | 2012-13 | 3.3.A.9 അനുബന്ധം 6, 7, 8 | ആയുർവ്വേദം ഫിഷ് ഫാം സി സജ്ജമല്ല | -ടി - |
| -ടി- | - | 2012-13 | 3.3.A.12 അനുബന്ധം 6, 7, 8 | ഹോം കെയർ പ്രൊജക്ട് നടപ്പാക്കിയിട്ടില്ല | -ടി - |
| -ടി- | - | 2012-13 | 3.3.A.19 അനുബന്ധം 6, 7, 8 | പൊതു ശൗചാലയങ്ങൾ പ്രവർത്തനക്ഷമമല്ല | -ടി - |
| 2014-15 | 2.1, 2.2, 2.4 | 2016-17 | അധ്യായം. 2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2.4 | 2016-17 | അധ്യായം. 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,87,24,781 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,83,89,217 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,98,166 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,16,791 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജാവുന്നവ | സർചാർജ്ജാവുന്നവ | |
| 3-1 | -- | 1,98,166 | ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി |
| ആകെ | -- | 1,98,166 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | | |
|---|---|---|---|
| 1-12 | 8,28,192 | 5,00,000 | ശ്രീ. പ്രമോദ് കുമാർ എസ് എൻ. സെക്രട്ടറി ഇൻ ചാർജ് |
| | | 3,28,192 | ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി |
| 1-13 | 8,54,228 | ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി | |
| 1-14 | 3,10,000 | ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി | |
| 1-15 | 27,000 | ശ്രീ. മനോജ് പി പി, ഹെഡ്മാസ്റ്റർ | |
| 1-18 | 2,65,121 | 75,252 | ശ്രീ. ഗിരീഷ് എസ് എൻ. സെക്രട്ടറി ഇൻ ചാർജ് |
| | | 1,89,869 | ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി |
| 1-20 | 32,250 | ഡോ. സുനിത പി എൻ, മെഡിക്കൽ ഓഫീസർ (സി എച്ച് സി) | |
| ആകെ | 23,16,791 | | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും-**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപൻ ടി പി, സെക്രട്ടറി | ശ്രീ. പ്രദീപൻ ടി പി. സെക്രട്ടറി, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്. | ശ്രീ. പ്രദീപൻ ടി പി, ശ്രീദീപം, കോയോട് പി.ഒ, കണ്ണൂർ ജില്ല. PIN-670621 |

**<u>+10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി 8/37/2022 തീ. 27.08.2022 | 3 |
| 1999-00 (പ്ലാൻ) | കെ.എസ്.എ-കെ.എസ്.ഡി 8/38/2022 തീ. 27.08.2022 | 4 |
| 2001-02 | കെ.എസ്.എ-കെ.എസ്.ഡി 8/132 (1)/2022 തീ. 27.08.2022 | 1 |
| 2001-02(പ്ലാൻ) | എൽ.എഫ്.5/803/03 തീ. 11.05.2005 | 2 |
| 2002-03 | കെ.എസ്.എ-കെ.എസ്.ഡി 8/132 (2)/2022 തീ. 27.08.2022 | 3 |
| 2003-04 | കെ.എസ്.എ-കെ.എസ്.ഡി 8/132 (3)/2022 തീ. 27.08.2022 | 2 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി 8/132 (4)/2022 തീ. 27.08.2022 | 3 |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി 8/132 (5)/2022 തീ. 27.08.2022 | 4 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി 8/132 (6)/2022 തീ. 27.08.2022 | 3 |
| 2007-08 | കെ.എസ്.എ-കെ.എസ്.ഡി 8/132 (7)/2022 തീ. 27.08.2022 | 3 |
| 2008-09 | കെ.എസ്.എ-കെ.എസ്.ഡി 8/132 (8)/2022 തീ. 27.08.2022 | 4 |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 8/132 (9)/2022 തീ. 27.08.2022 | 5 |
| 2010-11 | കെ.എസ്.എ-കെ.എസ്.ഡി 8/132 (10)/2022 തീ. 27.08.2022 | 10 |
| 2011-12,2012-13, 2013-14 | കെ.എസ്.എ-കെ.എസ്.ഡി 8/132 (11)/2022 തീ. 27.08.2022 | 12 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി 8/132 (12)/2022 തീ. 27.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി 8/132 (13)/2022 തീ. 27.08.2022 | 8 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി 8/132 (14)/2022 തീ. 27.08.2022 | 10 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി 8/132 (15)/2022 തീ. 27.08.2022 | 22 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി 8/132 (16)/2022 തീ. 27.08.2022 | 14 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി 8/589/2021 തീ. 28.09.2021 | 27 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി 8/590/2021 തീ. 28.09.2021 | 24 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി 8/168/2023, തീ. 29/03/2023 | 27 |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി 8/678/2023, തീ. 16/10/2023 | 27 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-I
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 18-05-2024 and submitted on 20-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pullur-Periya Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pullur-Periya Grama Panchayat as on 31-03-2024

**Date: 18/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Pullur-Periya Grama Panchayat for the Year 2023-2024.

### 1.Major Observations

Valuation of assets has not been done. The asset register has not been updated. There is no up to date asset data base in the Panchayat. Hence, the accuracy of the assets reflected in the Balance Sheet could not be commented upon.

### 2.Other Observations

**1.** Basic ratios as per rule 62(f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the AnnualFinancial Statements.

**2.** The amount recorded as Net increase in cash and cash equivalence in the cash flow statement and the amount recorded as net cash generated by operating + investing + financing activities in the same statement do not match. Therefore, the accuracy of this document is not certified in the audit.

**3.** The balances of the following specific purpose funds as per the balance sheet as on 31.032024 do not match with the balance amounts in their respective bank accounts.

a. 320100202 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs

b. 320100204 Grants for Specific Purposes - Health Grant towards Conversion of PHCs and Subcenters into Health and Wellness Centres

C. 320100197-Literacy Scheme Grant

4. Details of capital contribution during the year (projects, amounts) were not made available to Audit. Hence, the accuracy of the capital contribution could not be verified. Depreciation for the year 2023-24 has been charged on capital contribution amounts from various funds. Depreciation should be charged on assets as per significant accounting policies issued vide G.O(MS)No.152/2011/LSGD, dated 26.07.2011. In contrast, no explanation has been given for charging depreciation on capital contribution.

5. Undue delay in recording of accrual income of property tax, rent, licence fee and profession tax from traders was seen. The accrual income of these items were found recorded on 31.03.2024 only. The rule 17(2) of Kerala panchayat (Accounts) Rules 2011 were not adhered to.

6. Maintenance of Advance and Deposit Registers is not complete as the details of deposits and advances pending have not been carried over in the beginning of the year. Hence these registers could not be relied on in Audit.

7. Records relating to journal vouchers are not maintained. Supporting documents relating to journal vouchers should be kept for verification.

8. The details of the amounts outstanding as liability in stale cheque are not made available.

9. Benificiary contribution amount remains unspent.

10. Steps should be taken to adjust the amounts remaining as liability over the years as per Schedules B4 and B9 of the Balance Sheet.
11. The details of the loan taken are not recorded in the loan register.The interest received from the Life housing scheme bank account is seen accounted with the loan amount.

Deputy Director
District Office Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3
# ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Pullur-Periya Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 11002760.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5350.00 |
| 140000000 | Fee & User Charges | I-4 | 5063445.00 |
| 150000000 | Sale & Hire Charges | I-5 | 116395.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 213028175.00 |
| 170000000 | Income from Investments | I-7 | 280000.00 |
| 171000000 | Interest Earned | I-8 | 1357129.00 |
| 180000000 | Other Income | I-9 | 39722.00 |
| 190000000 | Prior Period Income | I-19 | 1719142.00 |
| | **Total Income** | | **230892976.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13380196.00 |
| 220000000 | Administrative Expenses | I-11 | 2121707.00 |
| 230000000 | Operations & Maintenance | I-12 | 1457627.00 |
| 240000000 | Interest & Finance Charges | I-13 | 369.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8224042.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 47028364.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6424152.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 73180098.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 73586800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1286833.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 213853.00 |
| | **Total Expenditure** | | **226904241.00** |
| | **Gross Surplus / Deficit of income over Expenditure** | | **3988735.00** |
| | **Gross Surplus / Deficit of income over Expenditure** | | **5509870.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 198007.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **1521135.00** |

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം -4
## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| **Pullur-Periya Grama Panchayat RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 61747891.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3264660.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5350.00 |
| 140000000 | Fees & User Charges | RP-4 | 4870295.00 |
| 150000000 | Sale & Hire Charges | RP-5 | 116395.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13636340.00 |
| 171000000 | Interest Earned | RP-9 | 1357129.00 |
| 190000000 | Prior Period Income | RP-11 | 31920.00 |
| 311000000 | Earmarked Funds | RP-28 | 75483.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31779909.00 |
| 360000000 | Provisions | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 18610011.00 |
| 460000000 | Loans, Advances and Deposits | RP-49 | 40000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 17812.00 |
| 330000000 | Secured Loans | RP-31 | 1643858.00 |
| 340000000 | Deposits Received | RP-33 | 9020.00 |
| 350000000 | Other Liabilities | RP-35 | 1264689.00 |
| | **Grand total** | | **138472672.00** |
| | **PAYMENTS** | | |
| | **Operating** | | |
| 311000000 | Earmarked Funds | RP-28 | 74.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1145832.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8976525.00 |
| 460000000 | Loans, Advances and Deposits | RP-49 | 2168371.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 37800.00 |
| 350000000 | Other Liabilities | RP-35 | 56060615.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 70083455.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **138472672.00** |

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം -5
## ബാലൻസ് ഷീറ്റ്

| Pullur-Periya Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 71131165.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7159.00 |
| 312000000 | Reserves | B-3 | 81629595.00 |
| | **Total Reserve & Surplus** | | **152767919.40** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 32709624.00 |
| | **Total Grants, Contributions for Specific Purposes** | | **32709624.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 19985800.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **19985800.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 400235.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2729169.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3129404.00** |
| | **TOTAL LIABILITIES** | | **208592747.40** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1566829.00 |
| 412000000 | Capital Work in Progress | B-11(b) | 2175300.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 198508.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9129631.00 |
| 415000000 | Annual Plan - Capital Expencies (Infrastructure Sector) | B11-(e) | 192471507.00 |
| 416000000 | Accumulated Depreciation | B-11(a) | -103866004.60 |
| | **Total Fixed Assets** | | **101673770.40** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 4280000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **4280000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9540316.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19776808.00 |
| 450000000 | Cash and Bank Balance | B-17 | 70083455.00 |
| 460000000 | Loans, Advances and Deposits | B-18 | 3238398.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **102638977.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **208592747.40** |

Deputy Director
District Audit Office, Kasaragod
Kerala State Audit Department